# THE KUDUMBA DEEPAM.



Vol. V.) March 1934. (No. 3.

## വിഷയവിവരം.

1. തൃക്കുടുംബം... ........................ 65.
2. ദുഃഖാനുഭവത്തിൻെറ ഞായറാഴ്ച.... ........................ 66.
3. കത്തോലിക്കാസഭ ........................ 71.
4. ഈശാവതാരണം.......... ........................ 75.
5. ആണ്ട് ഹെലൻെറ കത്തുകൾ........................ ... 87.
6. പൊതുനിയോഗം..... ........................ 91.
7. പുസ്തകാഭിപ്രായം........................ ,,
8. വെററില മുറുക്ക് ... ........................ 93.
9. കുറിപ്പുകൾ.... .. ........................ 95.
10. പരസ്യങ്ങൾ, പഞ്ചാംഗം.

Christ is my food, Christ is my drink; I do not now await the yearly harvest: Christ is given to me daily.

—ST. AMBROSE.

# മാന്യവരിക്കാർ അറിവാൻ.

കല്ലോറുംകര, പുതുക്കാട്ട്, ഒല്ലൂർ, തൃശ്ശൂർ, പഴവിൽ, കണ്ടശ്ശാങ്കടവ്, ഏനാമ്മാവ്, മുല്ലശ്ശേരി, പാവർട്ടി, ചിററാട്ടുകര, ചാവക്കാട്ട് എന്നി അഞ്ചൽ തപാൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ റി. പടിക്കപ്പറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യ വരിക്കാർ അദ്ദേഹത്തിനു അനാവശ്യ താമസത്തിനിടയാക്കാതെ പണം കൊടുത്ത് മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.

---

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

### എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമപല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

# അനന്തസ്നേഹം.

(1)

മിശിഹായുടെ കുരിശുമരണത്തിന്റെ ഈ ജൂബിലിവത്സരത്തിൽ വിശ്വാസികൾ ഏവരും വായിക്കേണ്ടിയ ഏററം വിശിഷ്ട ഗ്രന്ഥം.

ആധുനിക ലോകത്തിന്റെ ക്ലേശങ്ങൾ പരിഹരിപ്പാൻ പര്യാപ്തമായ പീഡാനുഭവ ധ്യാനങ്ങൾ.

നോമ്പുകാലത്തിലെ ഉത്തമമിത്രം.

ഈ പുസ്തകം വായിക്കുന്നവരിൽനിന്നു അനേകം അനുമോദനക്കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

* * * *

വിശേഷമായ 8 പടങ്ങളും ഫോക്കടലാസ്സ് ക്രൌൺ സൈസിൽ 500-ൽപരം പെയിജുകളുമുള്ള ഈ പുസ്തകത്തിന്റെ വില, ഒന്നാംതരം ബയണ്ടു 1 ക. 4 ണ. രണ്ടാംതരം ബയണ്ടു 1 ക, 2 ണ. റൊക്കവിലക്കു ആറു പുസ്തകങ്ങൾ ഒന്നിച്ചെടുക്കുന്നവർക്കു ഒരു പുസ്തകം സൌജന്യം.

മേൽവിലാസം:— 1. സൂപ്രണ്ടു്, ചെറുപുഷ്പം പ്രസ്സ്, തേവര.
2 സൂപ്രണ്ടു്, സെന്റ് ജോസഫ് പ്രസ്സ്, മാന്നാനം.



HELP US JOSEPH IN OUR EARTHLY STRIFE
EVER TO LEAD A PURE AND BLAMELESS LIFE.

# കുടുംബദീപം.

| പുസ്തകം ൧ | മാർച്ച് നമ്പർ | ലക്കം ൩. |
| --- | --- | --- |

## തിരുക്കുടുംബം.

(റവ. ജെ. കെ.)

ജ്ഞാനകോമളസൂനമെ! എ. മ.

കാൺക! ലോകമേ! കാൺക! പരിശുദ്ധ തിരുക്കുടുംബം (സദാ)

1) എത്ര മനോഹര പാത്രമീഗേഹം
മർത്ത്യരാം മാലാഖമാരുടെ ഗേഹം
ഉത്തമമിതു മാതൃക നാം തേടിടേണ്ട ഗേഹം. (സദാ കാൺക.)

2) തച്ചനാം യൗസേപ്പിതങ്ങൊരു ഭാഗം
മെച്ചമാം തയ്യലിൽ മേരിയും, ത്യാഗം
വാച്ചിടുമുണ്ണിയേശുവും വിലസുന്നു ഗാഢരാഗം. (സദാ കാൺ.)

3) സന്താപമില്ലതിഭാഷണമില്ല,
സമ്പാദ്യചിന്തയാൽ വാടുന്നുമില്ല
ശാന്തി ഭഞ്ജിക്കും കൂട്ടമങ്ങതിലൊന്നും കാണ്മതില്ല. (സദാ.)

4) വേലകൂടാതതിലാരുമേയില്ല,
വേലയും പ്രാർത്ഥനകൂടാതെയല്ല,
മാലില്ലവർ മാഴ്കിയില്ലഭിമാനം പൂണ്ടതില്ല. (സദാ കാൺക)

5) കഷ്ടതയാം കൊടുംകോളിളകട്ടെ;
വിഷ്ടപത്തിലപമാനം വരട്ടെ;
നിശ്ചലം മലപോലതു സദാ ലാലസിച്ചീടുന്നു. (സദാം കാൺ.)

6) ഐക്യമാവീടിനു ഭിത്തിപടുത്തു
സ്നേഹമതിന്നെഴും വർണ്ണംകൊടുത്തു
ഈശൻ തന്നഭിലാഷമായതിൽ ജീവൻ ദത്തെടുത്തു. (സദാ.)




# ദുഃഖാനുഭവത്തിന്റെ ഞായറാഴ്ച.

(ഉയിർപ്പിനു മുമ്പു രണ്ടാം ഞായർ.)

സുവിശേഷം വി. യോഹന്നാൻ ൮, ൪൬-൫൯

"നിങ്ങളിൽ ആർ എന്റെമേൽ പാപം (ആരോപിച്ചു) തെളിയിക്കും? ഞാൻ നിങ്ങളോടു സത്യം പറയുന്നു എങ്കിൽ, എന്തുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല?" നമ്മുടെ ദിവ്യരക്ഷകനും തന്റെ മാതാവിനുമല്ലാതെ മററാർക്കെങ്കിലും ഇത്തരത്തിൽ ഒരു ചോദ്യം ചോദിക്കുവാൻ ധൈര്യമുണ്ടാകുമോ? വിശ്വാസത്തെയോ സന്മാർഗ്ഗത്തെയോ സംബന്ധിക്കുന്ന ദൈവപ്രമാണത്തെ ലഘുവായിട്ടെങ്കിലും അവിടുത്തെ ജീവിതകാലത്തിൽ ഒരിക്കൽപോലും അവിടുന്നു ലംഘിച്ചിട്ടില്ലെന്നുള്ളതു് തീർച്ച തന്നെ. ഇതു് സത്യമായിരിക്കെ, അവിടുത്തെ ഉപദേശങ്ങൾക്കു് അവർ എന്തുകൊണ്ടു ചെവികൊടുക്കുന്നില്ലെന്നു അങ്ങുന്നു് യഹൂദന്മാരോടു ചോദിക്കുന്നു. അവിടുത്തെ പേരിൽ ഒരു പാപമോ, കുററമോ, ആരോപിക്കുവാൻ അവർക്കു സാധിക്കാഞ്ഞതിനാൽ അവർ അങ്ങേ വിശ്വസിക്കേണ്ടതായിരുന്നു.

തന്നിമിത്തം ദിവ്യരക്ഷകൻ യഹൂദന്മാരോടു് അവർ എന്തുകൊണ്ടു വിശ്വസിക്കുന്നില്ല എന്നു സ്പഷ്ടമായി ചോദിക്കുന്നു. "ദൈവത്തിൽ നിന്നുള്ളവർ ദൈവത്തിന്റെ വചനങ്ങളെ കേൾക്കുന്നു; നിങ്ങൾ ദൈവത്തിൽനിന്നുള്ളവരല്ലായ്കയാൽ, ഇതുനിമിത്തം നിങ്ങൾ കേൾക്കുന്നില്ല" അവർ ദൈവമക്കളല്ലാത്തതു

കൊണ്ടു അവൎക്കു ദൈവാത്രുചിയില്ല എന്തുകൊണ്ടെന്നാൽ ദൈവമക്കൾ നന്മനസ്സോടെ ദൈവവചനങ്ങളെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഉപദേശത്തെ നിരസിക്കുകയും അവിടത്തെ നിയമത്തെ ലംഘിക്കുകയും ദുൎമ്മാൎഗ്ഗപ്രസക്തിയുണ്ടായിരിക്കുകയും ചെയ്യുന്നവരെപ്പോലെ അവരും പിശാചിന്റെ സന്തതികളാകുന്നു. അതുകൊണ്ടു ദൈവവചനത്തെ കേൾക്കുകയും അവിടത്തെ സദാചാരങ്ങളെ അനുസരിക്കുകയും ചെയ്യുന്നതു് നിത്യരക്ഷയുടേയും അങ്ങനെ ചെയ്യാതിരിക്കുന്നതു് നിത്യനാശത്തിന്റേയും അടയാളമാണെന്നു് വി. ഗ്രിഗരി ഈ വാക്യത്തിൽനിന്നും അനുമാനിക്കുന്നു. ദൈവവചനത്തെ സന്തോഷത്തോടുകൂടെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതു് എത്ര പ്രാധാന്യമേറിയ സംഗതിയാണെന്നു ചിന്തിച്ചു നോക്കുക!

"അപ്പോൾ യൂദന്മാർ അങ്ങേയോടു്: നീ ഒരു സമരിയാക്കാരനാകുന്നു എന്നും നിനക്കു പിശാചു് ഉണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലയോ?" എന്നു പറഞ്ഞു "ഞങ്ങൾ പറയുന്നതു ശരിയല്ലയോ?" — കഷ്ടം! അവർ ഈദൃശ ചോദ്യങ്ങൾ അങ്ങേയോടു് പലപ്പോഴും ചോദിച്ചതായിട്ടാണു് വിചാരിക്കേണ്ടതു്. കോപാന്ധന്മാരായ പാരിശന്മാരുടെ സ്ഥിതി നോക്കുക! അവർ അങ്ങേ സമരിയക്കാരൻ എന്നു വിളിക്കുന്നു. ദൈവജനത്തിൽനിന്നു പിരിഞ്ഞുപോയ പതിതന്മാരായിരുന്നു സമരിയക്കാർ. അതുകൊണ്ടു യഹൂദന്മാരുടെയിടയിൽ വിദ്വേഷത്തെയും നിന്ദയെയും കാണിക്കുന്ന ഒരു പദമായിരുന്നു അതു്. അവർ അങ്ങേയ്ക്കു ഒരു പിശാചുണ്ടെന്നു പറയുന്നു. ലൂസിഫെർ ദൈവത്തെപ്പോലെയായിത്തീരുന്നതിനു ശ്രമിച്ചതുപോലെ ദിവ്യരക്ഷകൻ ലൂസിഫെറിനെ അനുകരിച്ചു ദൈവപുത്രനെന്നു അഭിമാനിക്കുയാണെന്നു അവർ ആക്ഷേപിക്കുന്നു.

എന്നാൽ ദിവ്യരക്ഷകൻ തന്റെ സ്വന്തം സ്തുതിയെ അന്വേഷിക്കുന്നില്ല. ഈശോ ഉത്തരമായി അരുളിച്ചെയ്തതായതു്: "എനിക്കു പിശാചില്ല; ഞാൻ എന്റെ പിതാവിനെ ബഹുമാ

നിക്കയത്രെ ചെയ്യുന്നതു്; നിങ്ങളോ എന്നെ അപമാനിക്കുന്നു." സമരിയാക്കാരനാണെന്നുള്ള വെറും വ്യക്തിപരമായ ആക്ഷേപത്തെ വിഗണിച്ചുകൊണ്ടു തന്റെ പിതാവിന്റെ ബഹുമാനസംരക്ഷണത്തിനായി അവിടുന്നു ശ്രമിക്കുന്നു. എന്റെ നല്ല പ്രവൃത്തികൾകൊണ്ടു്, അവയെല്ലാം ഞാൻ അങ്ങേയ്ക്കു സമർപ്പിച്ചുകൊണ്ടു്, "ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കയത്രെ ചെയ്യുന്നതു്." അവിടുന്നു ഈ ലോകത്തിലേക്കു അയക്കുകയും, തന്റെ അത്ഭുതങ്ങളാൽ തന്റെ പ്രവൃത്തികളെ സ്ഥിരീകരിക്കയും ചെയ്തു അവിടുത്തെ ഏകനും ഏററവും പ്രിയപ്പെട്ടവനുമായ "എന്നെ നിങ്ങൾ അപമാനിക്കുന്നു." അവിടുന്നു വീണ്ടും "എന്നാൽ ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല; (അതു്) അന്വേഷിക്കയും വിധിക്കയും ചെയ്യുന്ന ഒരുവനുണ്ടു്" എന്നു പറഞ്ഞു. അതു് പിതാവാകുന്നു; അവിടുന്നു, എല്ലാവരും തന്റെ കുമാരനെ തന്നെപ്പോലെ ബഹുമാനിപ്പാൻ ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യാത്തവരെ വിധിക്കയും കഠിനമായി ശിക്ഷിക്കയും ചെയ്യും.

അനന്തരം ദിവ്യരക്ഷകൻ അരുളിച്ചെയ്തതായതു്: "യാതൊരുത്തൻ എന്റെ വചനം കാത്തുകൊണ്ടാൽ അവൻ എന്നന്നേക്കും മരണം കാണുകയില്ല എന്നു ഞാൻ സത്യമായിട്ടു, സത്യമായിട്ടു നിങ്ങളോടു പറയുന്നു." ദിവ്യരക്ഷകന്റെ ഉപദേശങ്ങളെ വിശ്വസിക്കുകയും അവിടുത്തെ പ്രമാണങ്ങളെ കാക്കുകയും ചെയ്യുന്നവൻ നിത്യമരണത്തിൽനിന്നും, നിത്യനാശത്തിൽനിന്നും രക്ഷിക്കപ്പെട്ടുമെന്നു് "സത്യമായിട്ടു, സത്യമായിട്ടു" എന്നീ വാക്കുകളാൽ അവിടുന്നു് ഉറപ്പിച്ചു പറയുന്നു. അങ്ങനെയുള്ളവനു ശരീരംവേർപാടു അല്പ സമയത്തേക്കുള്ള ഒരു നിദ്രയാകുന്നു; എന്തുകൊണ്ടെന്നാൽ വിശ്വാസിയെ മഹത്വത്തിൽ എന്നന്നേക്കും ജീവിക്കുന്നതിനായി കർത്താവു് കുഴിമാടത്തിൽനിന്നും ഉയിർപ്പിക്കും.

"അപ്പോൾ യൂദന്മാർ പറഞ്ഞതായതു്: നിനക്കു പിശാചുണ്ടെന്നു ഇപ്പോൾ ഞങ്ങൾ അറിഞ്ഞു; അബ്രാഹവും ദീർഘദർശിക

ളും മരിച്ചു. നീയോ, യാതൊരുത്തൻ എൻെറ വചനം കാത്തു കൊണ്ടാൽ, അവൻ എന്നന്നേക്കും മരണം ആസ്വാദിക്കയില്ല എന്ന് പറയുന്നു. ഞങ്ങളുടെ പിതാവായ അബ്രാഹമിനെക്കാൾ നീ വലിയവൻ ആകുന്നുവോ ? അയാൾ മരിച്ചു; ദീർഘദർശികളും മരിച്ചു; നീ നിന്നെത്തന്നെ ആരാക്കിത്തീർക്കുന്നു ?" യൂദന്മാർ പുച്ഛിക്കുന്ന സമ്പ്രദായം ഇതാകുന്നു ! അവർ ഏതാണ്ടു ഇപ്രകാരമാണു പറയുന്നതു്: "ഹാ ! ഇപ്പോൾ ഞങ്ങൾക്കു നീയാണു ഉള്ളതു് ! അബ്രാഹവും ദീർഘദർശികളും ദൈവപ്രമാണങ്ങളെ കാത്തുവെങ്കിലും അവർ അതുനിമിത്തം മരണത്തിൽനിന്നും രക്ഷിക്കപ്പെട്ടില്ല. നിനക്കു പിശാചുണ്ടെന്നു മുമ്പിലത്തെക്കാൾ തെളിവായി ഇപ്പോൾ ഞങ്ങൾ കാണുന്നു !" അവരുടെ ജഡികമനസ്സു അനിത്യമായ ശാരീരിക മരണത്തെക്കുറിച്ചാണു ചിന്തിക്കുന്നതു്. "ഹാ ! ദൈവപ്രമാണങ്ങളെ കൃത്യമായി കാത്തുപോന്ന അബ്രാഹമിനെക്കാളും ദീർഘദർശികളെക്കാളും നീ വലിയവനാകുന്നുവോ ? ഒരു വാക്കുകൊണ്ടു അബ്രാഹമിനെ മരണത്തിൽനിന്നും രക്ഷിക്കാത്ത ദൈവത്തെക്കാളും നീ വലിയവനോ ? നിൻെറ വാക്കിന് അതിനെക്കാൾ കൂടുതൽ ചെയ്വാൻ സാധിക്കുമെന്നു നീ വമ്പുപറകയല്ലേ ? നീ നിന്നെത്തന്നെ ആരാക്കിത്തീർക്കുന്നു ?" ഇതു് എത്ര നീചമായ ഒരു പരിഹാസമാണു. അങ്ങുന്നു ശരീരത്തിൻെറ താല്ക്കാലിക മരണത്തെക്കുറിച്ചല്ല പറഞ്ഞതു്.

"ഈശോ ഉത്തരമായി അരുളിച്ചെയ്തതായതു്: ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നുവെങ്കിൽ, എൻെറ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നവൻ എൻെറ പിതാവാകുന്നു; അയാൾ നിങ്ങളുടെ ദൈവമാകുന്നുവെന്നു നിങ്ങൾ പറയുന്നു; എങ്കിലും നിങ്ങൾ അയാളെ അറിഞ്ഞിട്ടില്ല. ഞാനോ അയാളെ അറിയുന്നു, വിശേഷിച്ചും ഞാൻ അയാളെ അറിയുന്നില്ല എന്നു പറഞ്ഞാൽ, നിങ്ങളെപ്പോലെ അസത്യവാദിയാകും. എന്നാൽ ഞാൻ അയാളെ അറികയും അയാളുടെ വചനം കാത്തുകൊള്ളുകയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രാഹം

എന്റെ ദിവസം കാണ്മാൻ ആഗ്രഹിച്ചു; അയാൾ കണ്ടു സന്തോഷിക്കയും ചെയ്തു."

അവരുടെ പുച്ഛരസത്തിലുള്ള ചോദ്യത്തിനു ദിവ്യരക്ഷകൻ കൊടുത്ത ഈ മറുപടിയിൽ താൻ ദൈവപുത്രനാണെന്നു തെളിവായി പ്രസ്താവിച്ചിരിക്കുന്നു; എന്തുകൊണ്ടെന്നാൽ യൂദന്മാരുടെ ദൈവത്തെ, തന്റെ സ്വന്തം പിതാവു എന്നു അങ്ങുന്നു പറഞ്ഞിരിക്കുന്നു. ആത്മപ്രശംസയുടെ മിഥ്യാത്വത്തെ അവിടുന്നു അറിയുകയും തന്റെ പിതാവിന്റെ അംഗീകാരത്തെ അവിടുന്നു കാര്യമായി ഗണിക്കയും ചെയ്യുന്നു. മൂന്നു ദൈവിക ആളുകളുള്ള ഏക ദൈവത്തെപ്പോലെ അവരുടെ ദൈവത്തെ അവർ അറിയുന്നില്ലെന്നു അങ്ങുന്നു അവരോടു പറയുന്നു. ഈ മൂന്നു ആളുകളിൽ നിത്യനായ പുത്രൻ ഇപ്പോഴും അവരുടെ മദ്ധ്യത്തിലുണ്ടു്. അവിടുന്നു പിതാവിനെ അറിയുകയും അവിടുത്തെ ശക്തിയേയും പ്രതാപത്തേയും ബഹുമാനിക്കയും ചെയ്യുന്നു. ഇവിടെ നാം വി. യോഹന്നാന്റെ വാക്കുകളെ അനുസ്മരിപ്പിക്കേണ്ടതാണ്: "അങ്ങയെ അറിയുന്നുവെന്നു പറകയും അവിടുത്തെ പ്രമാണങ്ങളെ കാക്കാതിരിക്കയും ചെയ്യുന്നവൻ അസത്യവാദിയാകുന്നു" ഈ അർത്ഥത്തിലാണു ഈശോ, യൂദന്മാർ അസത്യവാദികളാണെന്നു പറയുന്നതു്. അവർ പിതാവെന്നഭിമാനിക്കുന്ന അബ്രാഹംപോലും അവിടുത്തെ മാഹാത്മ്യത്തെ അംഗീകരിക്കയും ദിവ്യരക്ഷകന്റെ ആഗമനത്തെ പ്രതീക്ഷിക്കയും ചെയ്തിരുന്നു. അബ്രാഹം അതു യഥാർത്ഥത്തിൽ പൂർത്തിയായി കണ്ടുവെന്നു അവിടുന്നു അവരോടു പറയുന്നു. ഇതു് അബ്രാഹത്തിനു് പാതാളത്തിൽ ദൈവദൂതന്മാർ വഴിയായി ലഭിച്ച അറിവിനെ അടിസ്ഥാനപ്പെടുത്തി പ്രസ്താവിച്ചതായിരിക്കണം.

"അപ്പോൾ യൂദന്മാർ അങ്ങയോടു: നിനക്കിതുവരേയും അമ്പതുവയസ്സായിട്ടില്ല, എന്നിട്ടും നീ അബ്രാഹമിനെ കണ്ടുവോ? എന്നു പറഞ്ഞു" ദിവ്യരക്ഷകനു സാധാരണ അഭിപ്രായമനുസരിച്ചു അപ്പോൾ മുപ്പത്തിമൂന്നു വയസ്സുണ്ടായിരുന്നു. യൂദന്മാർ ഒരുപക്ഷെ വാഗ്വാദത്തിനുവേണ്ടി വയസ്സു കൂട്ടിപറഞ്ഞതായിരി

ക്കാം. നമ്മുടെ ദിവ്യരക്ഷകൻ മുപ്പത്തിമൂന്ന വയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും അത്യദ്ധ്വാനവും തപസ്സും നിമിത്തം അമ്പതു വയസ്സുള്ളവനേപ്പോലെ കാണപ്പെട്ടിരുന്നുവെന്നും ചിലൎക്ക അഭിപ്രായമില്ലാതില്ല.

"ഈശൊ അവരോടു: അബ്രാഹം ഉണ്ടാകുന്നതിന്നുമുമ്പെ ഞാൻ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു, സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്തു." യൂദന്മാർ നമ്മുടെ കൎത്താവു ഒരു വെറും മനുഷ്യനാണെന്നു വിചാരിച്ചിരുന്നു. എന്നാൽ ഇവിടെ അവിടുന്നു വീണ്ടും തന്റെ ദൈവസ്വഭാവത്തേയും തന്നിമിത്തം തന്റെ നിത്യമായ ആസ്തിക്യത്തേയും സ്ഥാപിക്കുന്നു.

"ആകയാൽ അങ്ങെമേൽ എറിയുന്നതിന്ന അവർ കല്ലുകളെ എടുത്തു. എന്നാൽ ഈശൊ മറഞ്ഞു ദേവാലയത്തിൽനിന്ന പുറപ്പെട്ടുപോയി." അബ്രാഹമിനേക്കാൾ വലിയവനും ദൈവത്തിന്ന തുല്യനുമാണെന്നുള്ള പ്രസ്താവം അന്ധന്മാരായ യൂദന്മാൎക്ക ദൈവദൂഷണമായി തോന്നി. ദൈവദൂഷണത്തിന്ന നിയമാനുസരണമായ ശിക്ഷ കല്ലേറായിരുന്നു. എന്നാൽ ഈശൊ മറഞ്ഞു, അതായത്, തന്റെ ദൈവികശക്തിയാൽ അവരുടെ നിഷ്ഠുരപ്രവൃത്തിയിൽനിന്ന രക്ഷപ്രാപിക്കുന്നതിന്നുവേണ്ടി തന്നത്താൻ അപ്രത്യക്ഷനായി. അവരുടെയിടയിൽനിന്നും അവർ കാണാതെ കടന്നുപോയി. ഒരിക്കൽക്കൂടി തന്റെ ദൈവത്വത്തെ അവിടുന്നു പ്രത്യക്ഷമാക്കിയെങ്കിലും അവർ അതിനെ ഗണ്യമാക്കിയില്ല.

## കത്തോലിക്കസഭ.

(തുടൎച്ച)

(വെറി റവ. ഫാദർ ജോൺ ബക്ക്മാൻസ്)

൦. മിശിഹാകൎത്താവിന്റെ ദൈവത്വത്തെ തെളിയിപ്പാനായി അവിടുന്നു പ്രവൎത്തിച്ച അത്ഭുതങ്ങളിൽനിന്ന ഉദാഹരണത്തിനായി ചിലവയെപ്പററി നമുക്ക അല്പം വിചിന്തനം ചെയ്യാം.

൫. ഒന്നാമതായി വി. യോഹന്നാൻ തന്റെ സുവിശേഷം ൯-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവം നമുക്കു പരിശോധിക്കാം. അതിന്റെ രത്നച്ചുരുക്കം താഴെ കാണുന്നവിധമാണ്. പിറവിയിൽത്തന്നെ കുരുടനായിരുന്ന ഒരു മനുഷ്യനെ ഈശോ കാണുകയും, അവിടുന്നു തുപ്പൽകൊണ്ടു മണ്ണുകുഴച്ചു അവന്റെ കണ്ണുകളിന്മേൽ പൂശുകയും 'ശീലൊ' എന്ന കുളത്തിൽപോയി കഴുകുന്നതിനു ആജ്ഞാപിക്കയുംചെയ്തു. അവൻ കല്പനപ്രകാരംപോയി കഴുകുകയും കാഴ്ച പ്രാപിച്ചുകൊണ്ടു തിരികെ വരികയും ചെയ്തു. ഈ അത്ഭുതസംഭവത്തെപ്പററി വളരെ വാദപ്രതിവാദങ്ങൾ നടന്നു. അവന്റേയും, അവന്റെ മാതാപിതാക്കളുടേയും, മററു ദൃക്സാക്ഷികളുടേയും വാമൊഴി വാങ്ങിക്കയും, തെളിവുകൾ ശേഖരിക്കയും ചെയ്തശേഷം ഈശോയുടെ ജന്മശത്രുക്കളായ പ്രീശന്മാൎക്കുകൂടെയും അത്ഭുതകൃത്യത്തിന്റെ യാഥാൎത്ഥ്യം നിഷേധിപ്പാൻ പാടില്ലാതെ കുഴങ്ങി. ലോകാരംഭം മുതൽ യാതൊരു മനുഷ്യനും പിറവിക്കുരുടനെ സൌഖ്യപ്പെടുത്തിയതായി കേട്ടിട്ടില്ലെന്നും, ആകയാൽ തന്നെ ഇപ്രകാരം സുഖപ്പെടുത്തിയ ആൾ ദൈവത്തിൽനിന്നുള്ളവനായിരിക്കണമെന്നും ആ സാധു അവരോടു ന്യായവാദം ചെയ്തപ്പോൾ അവന്റെ വാക്കുകളുടെ യുക്തിയുക്തതയെ തടുപ്പാൻ അവൎക്കു സാധിക്കാതാകയും പ്രത്യുത്തരമായി 'നീ മുഴുവനും പാപത്തിൽ പിറന്നിരിക്കയിൽ ഞങ്ങളെ പഠിപ്പിക്കുവാൻ മുതിരുന്നുവൊ' എന്നു പറഞ്ഞു ശകാരിക്കയും അവനെ അവരുടെ സംഘത്തിൽനിന്നു ബഹിഷ്കരിക്കയും ചെയ്തു.

അന്ധനായി പിറന്നവനെ കണ്ണിൽ ചെളിപൂശിക്കൊണ്ടു സുഖപ്പെടുത്തുവാൻ ഇതുവരെ യാതൊരു ഭിഷഗ്വരനും സാധിച്ചിട്ടില്ല. മാത്രമല്ല ആ പ്രയോഗം കണ്ണിനു സുഖമല്ല കൂടുതൽ അസുഖമാണു ജനിപ്പിക്കുന്നതെന്നു പരീക്ഷിച്ചാൽ ആൎക്കും മനസ്സിലാക്കുവാൻ പ്രയാസമുള്ളതുമല്ല.

മിശിഹായുടെ പ്രവൃത്തികളെകണ്ടു അവിടുത്തെ നേൎക്കുള്ള അമിതസ്നേഹംനിമിത്തം ജനാവലി അവ അത്ഭുതങ്ങളെന്നു തെ

ററിധരിക്കയും കീത്തിക്കയും ചെയ്തയാണുണ്ടായിട്ടുള്ളതെന്നു വാദിക്കുന്ന ആളുകളുണ്ടു. എന്നാൽ ഈ സുവിശേഷഘട്ടത്തിൽ വിവരിച്ചിട്ടുള്ള അത്ഭുതസംഭവത്തെപ്പററിചെയ്ത അന്വേഷണങ്ങളിൽനിന്നും, നടത്തിയ വിസ്താരങ്ങളിൽനിന്നും മിശിഹായുടെ ശത്രുക്കളായ ന്യായാധിപന്മാർക്കുടെയും അതിൻെറ സാധുതയേയും അതിസ്വാഭാവികമാഹാത്മ്യത്തേയും നിബ്ബന്ധപൂവ്വം സമ്മതിക്കേണ്ടതായിവന്നുവെന്നു തെളിയുന്നു. ഈ അത്ഭുതസംഭവം സ്വീകാൎയ്യമല്ലായെങ്കിൽ മനുഷ്യബുദ്ധിക്കു സ്വീകാൎയ്യമായ ചരിത്രസംഭവം ഉണ്ടാകുന്നതല്ല.

൨. രണ്ടാമത്തെ അത്ഭുതം ലാസറിനെ മരണശേഷം ഉയിൎപ്പിച്ചതാണ്. (യോ. അ. ൧൧). ഇയാാം ദീനത്തിൽ ഉൾപ്പെട്ടു മരണംപ്രാപിക്കയും കല്ലറയിൽ അടക്കപ്പെട്ടുകയും ചെയ്തു. തദനന്തരം നാലാംദിവസം കല്ലറ തുറന്നു 'ലാസറെ പുറത്തുവരിക' എന്നു കല്പിച്ചുകൊണ്ടു ചീഞ്ഞുതുടങ്ങിയ മനുഷ്യനെ മിശിഹാ പുനർജീവിപ്പിക്കുന്നു.

പിതാവായ ദൈവം തന്നെ അയച്ചുവെന്നു എല്ലാവരും മനസ്സിലാക്കുവാനായി ഈ അത്ഭുതം പ്രവത്തിക്കണമെന്നാണു അതു നിവത്തിക്കുന്നതിനുമുമ്പായി മിശിഹാ ആകാശത്തിലേക്കു കണ്ണുകളുയത്തി പ്രാത്ഥിച്ചതു. ദൈവത്തിൽനിന്നു മിശിഹാ നിയുക്തനായിട്ടില്ലങ്കിൽ, ദൈവംതന്നെയാണു ഈ അത്ഭുതം വഴിയായി നമ്മെ അസത്യത്തിലും അബദ്ധത്തിലും ഉൾപ്പെടുത്തിയതെന്നു അനുമാനിക്കേണ്ടതായിവരും. ഈ സംഭവത്തിൻെറ അനിഷേധ്യമായ പ്രകാശംകണ്ടു് നിമ്മത്സരബുദ്ധികളായ യഹൂദന്മാർ മാനസാന്തരപ്പെട്ടതുപോലെ സുബുദ്ധി ഉപയോഗിക്കുന്ന എല്ലാവരും മിശിഹായെ ദൈവപുത്രനായി സ്വീകരിക്കേണ്ടതാകുന്നു.

൩. മൂന്നാമത്തെ അത്ഭുതം മിശിഹായുടെ പുനരുത്ഥാനം തന്നെയാണു. സുവിശേഷകന്മാർ എല്ലാവരും ഈ സംഭവം രേഖപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധാലുക്കളായിരുന്നു. മിശിഹാ തൻെറ ദൈവത്വം തെളിയിപ്പാനായി അതു പലപ്പോഴും

എടുത്തുപറഞ്ഞിട്ടുണ്ട്. വി. പൌലോസ് അതിനെ മിശിഹായുടെ സത്യസഭ കെട്ടിപ്പൊക്കിയിരിക്കുന്ന അടിസ്ഥാനക്കല്ലായി പരിഗണിക്കുന്നു. 'മിശിഹാ മരിച്ചവരിൽനിന്നു ഉയത്തില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം അത്ഥശൂന്യമത്രെ. നിങ്ങളുടെ വിശ്വാസം അടിസ്ഥാനരഹിതവുമാകുന്നു' എന്നു അദ്ദേഹം പ്രതിവാദിക്കുന്നു.

മിശിഹാ തൻെറ പീഡാനുഭവങ്ങൾക്കും കുരിശുമരണത്തിനുംമുമ്പു പല അവസരങ്ങളിലും, വിശിഷ്യ അവിടുന്നു അത്യാഡംബരപൂവ്വം ഓശാനദിവസം ഓറശ്ലമിൽ പ്രവേശിച്ചശേഷവും, അവയെപ്പററി അനുപദം പ്രവചിച്ചിട്ടുണ്ട്. (മത്ത. ൨൱.) യഹൂദന്മാരുടെയും, സദ്ദുസ്സേന്മാരുടെയും, പ്രീശന്മാരുടെയും, റോമാഭരണാധിപൻെറയും സ്വാതന്ത്ര്യമനസ്സിൽ തൂങ്ങിയിരുന്ന ഈ സാഹസകൃത്യങ്ങൾ അവിടുന്നു സൂക്ഷ്മമായി ഗ്രഹിക്കയും പ്രവചിക്കയും ചെയ്തതു മിശിഹായുടെ ദൈവികശക്തിക്കുള്ള തെളിവല്ലയൊ ?

മരണശേഷം അവിടുത്തെ ദിവ്യശരീരം ആരും മോഷ്ടിച്ചുകൊണ്ടുപോകാതിരിപ്പാനായി മുദ്രവെച്ചു പാറാവു കാത്തിരുന്ന കവറിടത്തിൽനിന്നു മൂന്നാംദിവസം സ്വയശക്തിയാലെ ഉയത്തു ഈശോ ലോകസമക്ഷം പ്രത്യക്ഷനായി എങ്കിൽ അവിടുന്നു ദൈവംതന്നെയാണെന്നു സമ്മതിക്കാതിരിക്കുവാൻ സുബുദ്ധിയുള്ള മനുഷ്യനു എങ്ങനെ സാധിക്കും ?

ഇതിനാൽ പന്തക്കുസ്താ ദിവസം, 'നിങ്ങൾ കുരിശിന്മേൽ തറച്ച ഈശോയെ ദൈവം മരിച്ചവരിൽനിന്നു ഉയപ്പിച്ചു' എന്നു യഹൂദലോകത്തോടു ധീരധീരം പത്രോസു പ്രസംഗിച്ചപ്പോൾ ഒരൊററ മനുഷ്യൻപോലും അതിനെ ഖണ്ഡിച്ചില്ല. പ്രത്യുത മൂവായിരംപേർ ഒന്നാകെ മാനസാന്തരപ്പെട്ടു ഈശോമിശിഹായെ ദൈവപുത്രനായി ആരാധിച്ചു. ഇവയിൽനിന്നു ഈശോമിശിഹാ പ്രവത്തിച്ച അത്ഭുതങ്ങൾ അവിടുത്തെ ദിവ്യത്വം അനിഷേധ്യമായി ഉറപ്പിക്കുന്നുവെന്നു സിദ്ധമാകുന്നു.

# ഈശാവതരണം.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

## രംഗം ൨.

### നസ്രസ്സിൽനിന്ന്.

ഗബ്രിയൽ മാലാഖ മറിയത്തിനു പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിട്ടു ഒൻപതു മാസങ്ങളായിരിക്കുന്നു. ദിവ്യരഹസ്യത്താൽ ആകുലചിത്തവൃത്തയായ മറിയം ആറാം മാസത്തിൽ തന്റെ ഒരു പിതൃവ്യയായ എലിസബത്തിനെ കാണാൻ പോയിരുന്നു. ഓർശ്ലേമിൽനിന്നും ഉദ്ദേശം ആറു മൈൽ പടിഞ്ഞാറു ഭാഗത്തായുള്ള എയിൻകരിം എന്ന മലമ്പ്രദേശത്താണ് അക്കാലത്തു് എലിസബത്തു താമസിച്ചിരുന്നതു്. മൂന്നുമാസത്തിനുശേഷം അവർ തിരികെവന്നു യൌസേപ്പിന്റെ ഭവനത്തിലെ അധിനായികയായി ജീവിക്കുന്നു. യൌസേപ്പു തന്റെ ഭാര്യയായ മറിയത്തെ തിരസ്കരിക്കുവാൻ പോകുകയാണെന്നുള്ള ഒരു ശ്രുതി ഇക്കാലത്തു യൂദയായിൽ പ്രചരിച്ചിരുന്നു. ഒന്നു നിശ്ചയം, യൌസേപ്പിനു മറിയത്തോടു സീമാതീതമായ പ്രേമമുണ്ടായിരുന്നു. ഇതു മനസ്സിലാക്കുന്നതിന് അവരുടെ കുടുംബജീവിതത്തെ ഒന്നു അഭിവീക്ഷിച്ചാൽമാത്രം മതിയാകുന്നതാണ്. ഇത്ര മാതൃകാപരമായ ജീവിതംനയിക്കുന്ന ദമ്പതിമാർ ലോകത്തിൽ വേറെ ആരുമില്ലെന്നാണ് നസ്രസ്സ ഗ്രാമവാസികൾ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു്.

മറിയവും യൌസേപ്പും ഇപ്പോൾ ഓർശ്ലേമിലേക്കു പുറപ്പെടാൻ ഭാവിക്കുകയാണ്. റോമാക്കാർ ജനങ്ങളുടെ ഒരു സെൻസസ് (ജനസംഖ്യ) എടുക്കുവാൻ തീരുമാനിച്ചു. യൌസേപ്പും അദ്ദേഹത്തിന്റെ ഭാര്യയായ മറിയവും ദാവീദിന്റെ ഗോത്രക്കാരായിരുന്നതിനാൽ ആ കുടുംബം സ്ഥിതിചെയ്തിരുന്ന ഓർശ്ലേം നഗരത്തിലേക്ക് പോകുന്നതിന് അവർ നിർബ്ബന്ധിതരായി. ആ അവസരത്തിൽ ഓർശ്ലേമിലെ ബഹളമെന്തായിരിക്കും!! യൌസേപ്പിനോടുകൂടി മറിയവും ഉണ്ടായിരിക്കുകയോ? തന്റെ നോട്ടമെത്തുന്ന ദിക്കിൽനിന്നു മറിയം അകന്നിരിക്കുന്നതു് യൌസേ

പ്പിന്റെ തെല്ലും ഹിതകരമായിരുന്നില്ല. മറിയത്തിനും അങ്ങിനെ തന്നെ. ആകയാൽ വളരെ നിർബന്ധിച്ചെങ്കിലും മറിയം യൌസേപ്പിനെ അനുഗമിക്കുകതന്നെ ചെയ്യുവാൻ സമ്മതിച്ചഭിച്ചു.

മഴക്കാലത്തായിരുന്നു അവർ പുറപ്പെട്ടതു്. ആ പ്രഭാതം അസഹ്യമായ തണുപ്പുള്ളതായിരുന്നു. നസ്രേസ്സ മൂടൽമഞ്ഞിനാലും, ഈറപ്പുമുള്ള വായുവിനാലും സമാവൃതമായിരുന്നു. സാനുപ്രദേശങ്ങൾ മൂടൽമഞ്ഞിനാൽ നിറഞ്ഞിരുന്നു. കറുപ്പും വെളുപ്പും ഇടകലന്ന മേഘക്കൂട്ടങ്ങൾ കുന്നുകളുടെ മുകളിൽ മന്ദംമന്ദം ചരിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയുള്ള ഒരു പ്രഭാതത്തിൽ, സുവിസ്തൃതമായ ആ സാനുപ്രദേശത്തെ ഏറ്റ കുന്നുകളും ദൃശ്യമല്ലായിരുന്നു. നെബിസെയിൻമലയുടെ അഗ്ര്യഭാഗങ്ങൾപോലും ദൃഷ്ടിലക്ഷ്യമായിരുന്നില്ല. അതിന്റെ അടിവാരത്തിലുള്ള നസ്രസ്സിലെ ഭവനങ്ങളും മൂടൽമഞ്ഞിനാൽ അഗോചരങ്ങളായി.

മറിയത്തിനും യൌസേപ്പിനും യാത്രപറയുന്നതിനായി അയൽവാസികളായ ഗ്രാമീണജനങ്ങൾ പലരും സമ്മേളിച്ചിട്ടുണ്ടായിരുന്നു. ഭവനത്തിനു താഴെയുള്ള റോഡരികിൽ അവരെല്ലാം ഒരുമിച്ചുകൂടി. ഒരു പണ്ഡിതനും ഉപാദ്ധ്യായനുമായ ഗമാലിയൽ ദീഘകായനെങ്കിലും ദുബലശരീരനായിരുന്നു. "ചുളിവീണ പരന്ന നെററി"യും സ്ഥൂലിച്ച ശരീരവുമുള്ള സാമുവേൽ എന്ന ഇരുമ്പുപണിക്കാരൻ, ആ അനുഗ്രഹീത ദമ്പതിമാരെ യാത്രയയക്കുന്നതിനായി തന്റെ ആലയും ഉലയുമെല്ലാം ഉപേക്ഷിച്ചു വന്നിരിക്കുകയാണ്. ഫിലിപ്പോസ്, മെനേസെസ്, എലിഫാസ്, മുതലായ ചില സുഹൃത്തുക്കളും അവിടെ വന്നെത്തിയിട്ടുണ്ടു്. സ്ത്രീജനങ്ങളാകട്ടെ മറെറാരു ഭാഗത്തുകൂടി സംസാരിച്ചും തങ്ങളിൽ ആംഗ്യം കാണിച്ചും അവരോടു യാത്രപറയുവാൻ ഒരുങ്ങിയും നിൽക്കുന്നു. അവരിൽ ചിലർ തുറന്നുകിടക്കുന്ന ജനലിൽകൂടി വീട്ടിനകത്തേക്ക് ഉല്കണ്ഠാകുലരായി ചിലപ്പോൾ നോക്കിക്കൊണ്ടുമിരുന്നു. റോഡിന്റെ മദ്ധ്യഭാഗത്തുകൂടെ മെല്ലെമെല്ലെ നടന്നുകൊണ്ടിരുന്ന ഗമാലിയൽ ശ്യാമളാകരമായിക്കൊണ്ടിരുന്ന വ്യോമമണ്ഡലത്തിലേക്ക് ഒരു വിദ്യാത്ഥിയുടെ ജ്ഞാനതൃഷ്ണയോ

ടെ ഇടയ്ക്കുടയ്ക്കു നോക്കുന്നുണ്ട്. റോഡിന്റെ എതിർവശത്തു തലയും താഴ്ത്തി ഉദാസീനമായി നില്ക്കുന്ന ഒരു കഴുതയുടെ അടുക്കലേക്കു ഫിലിപ്പോസ് സാവധാനം ചെന്നു് ജീനിയും കോപ്പും പരിശോധിക്കുകയും അതിന്റെ പാർശ്വഭാഗങ്ങളിൽ സ്നേഹമസൃണം തലോടുകയും ചെയ്യുന്നു.

റോഡിൽ നില്ക്കുന്ന ജനങ്ങളുടെ ഇടയിൽ ഒരു ആരവം കേൾക്കുന്നു. അവിടെ തിങ്ങിക്കൂടിയിരുന്നവർ റോഡിന്റെ രണ്ടരുകിലേക്കും ഞെങ്ങി മാറിനില്ക്കുന്നു. ഡാംഭികന്മാരായ രണ്ടു റോമൻ പടയാളികൾ കുതിരപ്പുറത്തു ആ വഴി വന്നു കടന്നുപോയി. മൂടൽമഞ്ഞിൽ അവർ അദൃശ്യരായിത്തീരുന്നതുവരെ ഗ്രാമവാസികൾ അവരെ കോപമുഖരായി നോക്കിക്കൊണ്ടു നിന്നു.

സാമുവൽ:- (പട്ടാളക്കാരെ നോക്കി നിലത്തു തുപ്പിയശേഷം) ഫ് ആ.

മററുള്ളവർ:- (അങ്ങനെ ചെയ്തിട്ടു്) ഫ് ആ....ഠ് ആ....പന്നികൾ!

സാമുവൽ:- (കക്ശമായ ഗലീലിയൻ ഭാഷയിൽ) നാം തിരഞ്ഞെടുക്കപ്പെട്ട ജാതിയല്ലയോ? നമ്മിൽനിന്നല്ലയോ മിശിഹാ ജനിക്കാനിരിക്കുന്നതു്?

ഗമാലിയൽ:- (പണ്ഡിതനെന്നഭാവത്തിൽ) നിശ്ചയമായും. നിശ്ചയമായും. ദീഘദശികൾ അതു മുൻപേതന്നെ പ്രവചിച്ചിട്ടുണ്ടു്.

സാമുവൽ:- (കലഹപ്രിയനായി) എന്തു്? പിന്നെ നാം ഈ പുറജാതിക്കാരായ റോമാക്കാരുടെ മുൻപിൽ തല കുനിക്കുന്നതെന്തിനാണു്... അതൊരിക്കലും ന്യായമല്ല.

ഫിലിപ്പ്:- അതെപ്പററി നിങ്ങൾ എന്താണു് ചെയ്വാൻപോകുന്നതു്?

സാമുവൽ:- നാം പ്രക്ഷോഭമുണ്ടാക്കണം. നാം യുദ്ധംചെയ്തേ മതിയാവൂ. അഗസ്റ്റസ്സുകേസർ ഒരു റോമൻപന്നിയാണു്. അതുപോലുരുത്തനാണു സിറിയായിലെ റോമൻ പ്രതിനിധി സിറിനസ്സും....പന്നികൾ!!

ഫിലിപ്പ്:- കേസർ ലോകത്തിന്റെ പ്രഭുവാകുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾക്കെതിരായി വിപ്ലവമുണ്ടാക്കുക ഒരിക്കലും നീതിയല്ല.

മെനേസസ്സ്:- റോമാക്കാർ നമ്മെ ചവുട്ടിമെതിക്കും. അവൎക്കു സൈന്യങ്ങളും പണവുമുണ്ട്.

സാമുവൽ:- അതേ; പക്ഷെ നാം അവരുടെ ആജ്ഞകളെ അനുസരിക്കേണ്ടാത്ത ഒരു കാലം നിശ്ചയമായും വരും. അഭിഷിക്തനായവൻ വരുന്നതുവരെ ക്ഷമിക്കാം. അവിടുന്ന് അവരെ പരാജയ പലായനരാക്കും, നിശ്ചയം.

ഗമാലിയൽ:- ദാനിയലിന്റെ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എഴുപത് ആഴ്ച വത്സരങ്ങൾ........

സാമുവൽ:- (അയാളെ തിരുത്തിക്കൊണ്ടു) എല്ലാമായിട്ടും കരയുകയും വ്യഥാലാപങ്ങൾ ചെയ്യുകയും മാത്രം. നാം ഭീരുക്കളല്ലെങ്കിൽ പ്രക്ഷോഭിക്കുവിൻ. എതിൎക്കുവിൻ; വിപ്ലവമുണ്ടാക്കുവിൻ; അതാണ് വേണ്ടത്. എല്ലാവരുടെയും ജനസംഖ്യയെടുക്കണമെന്നു റോമാക്കാർ ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നു!! നാമോ അവൎക്കു തല കുനിച്ച് അവരുടെ കല്പനകളെ ശിരസാ വഹിക്കുന്നു. ഇതാ നമ്മുടെ യൗസേപ്പുതന്നെ നാടും വീടും ഉപേക്ഷിച്ചു ബതലഹമിലേക്കു യാത്ര പുറപ്പെടുന്നു. എന്തിന് ? തങ്ങൾക്ക് എത്ര അടിമകൾ ഉണ്ടെന്നു റോമാക്കാൎക്കു ഇനി വൻപു പറയാം. ഈ ജനസംഖ്യയെടുപ്പ് എന്തിനാണ് ? അവൎക്കിനി നമ്മിൽ പുതിയ പുതിയ നികുതികൾ ചുമത്തരുതോ ? അതുതന്നെ.

ഗമാലിയൽ.- "ചെങ്കോൽ യഹൂദായുടെ കരങ്ങളിൽനിന്നു മാറിപ്പോകയും ചെയ്യും."

സാമുവൽ:- ചെങ്കോൽ എവിടെ ? ഓ, മിശിഹാ വന്നു ചെങ്കോൽ തന്റെ കരങ്ങളിലാവഹിച്ചു തന്റെ ജനത്തെ രക്ഷിച്ചിരുന്നെങ്കിൽ........!

ദേവാലയത്തിൽ ശുശ്രൂഷയ്ക്കായി പോകുന്ന ഒരു സംഘം പുരോഹിതന്മാർ ആ വഴി കടന്നുപോയി. കഴുതപ്പുറത്തു കയറി

ഇരുന്ന അവർ കടന്നുപോയപ്പോരം ജനങ്ങരം അവരെ അഭിവാദ്യം ചെയ്യുകയും പുരോഹിതർ ജനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു.

ഗമാലിയൽ: യെയൗസേപ്പിനും മറിയത്തിനും ഇവരുടെകൂടെ പോകാം. മറിയം ലേവിയുടെ ഗോത്രത്തിൽ പെട്ടവളാണല്ലൊ.

മെനേസസ്സ്:- അവരം ദാവീദിൻെറ ഗോത്രത്തിൽ പെട്ടവളാണെന്നാണല്ലൊ ഞാൻ വിചാരിച്ചിരുന്നതു്.

ഗമാലിയൽ:- (ഒരു കേരംവിക്കാരനുണ്ടെന്നുള്ളതിൽ സന്തോഷിച്ച്) അതേ, തേ.. അവരം രാജകുടുംബത്തിൽ പെട്ടവരം തന്നെ; എന്നാൽ അവരം പുരോഹിതകുലത്തിൽ പെട്ടവളുമാണു്. ഇസ്രായലിൽ ഉള്ളതിൽ ഏററവും വിമലമായ രക്തമാണു് മറിയത്തിനും യെയൗസേപ്പിനുമുള്ളതു്. അതെനിക്കറിയാം. ഞാൻ വംശാവലികളെല്ലാം നല്ലവണ്ണം പഠിച്ചിട്ടുണ്ടു്.

എലിഫാസ്സ്:- (നരച്ച താടിയും റിറയാന്ന ശരീരവുമുള്ള ഒരു കിഴവൻ) അതുശരി; പരിശുദ്ധ രക്തംതന്നെ. അപ്പോരം മറിയം.... ഹേലിയുടെ പുത്രി.... ഹേലി മത്ഥാത്തിൻെറയും........

ഗമാലിയൽ:- (വസ്ത്രത്തേപ്പിടിച്ചു പുറകോട്ടു വലിച്ചു അയാളെ തിരുത്തിക്കൊണ്ടു്) ഇങ്ങനെ തുടങ്ങുക. ആദ്യം യെയൗസേപ്പിൻേറതുതന്നെ.. അബ്രാഹം ഇസാക്കിനെ ജനിപ്പിച്ചു. ഇസാക്കു യാക്കോബിനേയും, യാക്കോബ് യൂദായേയും അവൻെറ സഹോദരന്മാരെയും (ജനിപ്പിച്ചു)........

എലിഫാസ്സ്:- അങ്ങനെയല്ലഹേ. ആദ്യം മറിയത്തിൻേറതുതന്നെ. (തുടരുന്നു) .മത്ഥാത്തു് ലേവിയുടെയും, ലേവി ശിമയോൻെറയും, ശിമയോൻ ജോസഫിൻെറയും (സന്താനം)

ഗമാലിയൽ: (ചൂണ്ടുവിരൽ എലിഫാസിൻെറ നെഞ്ഞിന്നേരെ ചൂണ്ടിക്കൊണ്ടു്).... ജെസി ദാവീദു രാജാവിനെ ജനിപ്പിച്ചു. അങ്ങനെ അബ്രാഹം മുതൽ ദാവീദു വരെയുള്ള തലമുറകരം പതിനാലാകുന്നു. ദാവീദു രാജാവു ശ്ലോമ്മോനെ

ജനിപ്പിച്ചു.

എലിഫാസ്:- (തൻെറനേരെ ചൂണ്ടിയിരിക്കുന്ന വിരൽ തട്ടിമാററിക്കൊണ്ടു് അല്പം പരുഷസ്വരത്തിൽ).... ദാവീദിൻെറയും, ദാവീദു ജേസിയുടെയും (സന്താനം).

ഗമാലിയൽ:- ദാവീദു മുതൽ ബാബിലോണിലെ അടിമത്തം വരെയും ൧൪ തലമുറകൾ. ജക്കോണിയസ് സലാത്തിയലിനെ ജനിപ്പിച്ചു. സലാത്തിയൽ സൊറോബാബലിനെ ജനിപ്പിച്ചു.

എലിഫാസ്:- ........ അയാൾ സേമിൻെറയും, സേം നോഹിൻെറയും, നോഹ് ലാമെക്കിൻെറയും, ലാമെക്ക് മത്ത്സാലേമിൻെറയും....(സന്താനം).

ഗമാലിയൽ:- (വിസ്തരിച്ചു്) ബാബിലോണിലെ അടിമത്തം മുതൽ ഇക്കാലംവരെ ൧൪ തലമുറകൾ....

എലിഫാസ്:- (വിജയിയായെന്ന നാട്യത്തിൽ) അയാൾ ഹേനോസിൻെറയും, ഹേനോസു സേത്തിൻെറയും, സേത്തു് ആദത്തിൻെറയും, ആദം ദൈവത്തിൻെറയും.

ഇവരുടെ സ്വരം ഉച്ചത്തിലാകുമ്പോൾ പുരുഷന്മാരും സ്ത്രീകളുമെല്ലാം ഒരുമിച്ചുകൂടുന്നു. കറുത്തു തടിച്ച ഒരു സ്ത്രീ (യൂദിത്ത്) അവരുടെ മുമ്പിലുള്ള ആ ചെറിയ വീടിൻെറ വാതൽക്കൽ പ്രത്യക്ഷപ്പെടുന്നു.

യൂദിത്തു്:- വർത്തമാനിക്കുക, മല്ലടിക്കുക, മല്ലടിക്കുക, വർത്തമാനിക്കുക. കുറേപ്പേർ ഇങ്ങോട്ടൊന്നു വന്നു ദേ ഇക്കെട്ടുകൾ ക്കൊന്നു താങ്ങിത്തരണേ. (യുവാക്കന്മാരായ ചിലർ അങ്ങോട്ടു ചെല്ലുന്നു.) കാലു തെററുന്നു. കൊലപാതകം. ആത്മഹത്യ. (നെടുവീപ്പു വിട്ടുകൊണ്ടു്) ആ സാധുക്കുട്ടി. കള്ളന്മാരാലും ശമറായക്കാരാലും അപഹരിക്കപ്പെട്ടു മൃഗീയമായവിധം കൊല്ലപ്പെടുക. (കരയുന്നു) അല്ലെങ്കിൽ ഈ മഴക്കാലത്തെ ഭയങ്കരമായ തണുപ്പേററു മരിക്കുക. അതും ഈ ജന്തുവിൻെറ പുറത്തിരുന്നു്; യഹോവായെ അതോർക്കക്കൂടിവയ്യ. ഹാ! എന്തൊരു ദുർദ്ദിനം.

സാമുവൽ:- അതിന്റെ കാറം പറയേണ്ടതു് ആ പന്നികഠം റോമാക്കാരെത്തന്നെയാണു്.

ഗമാലിയൽ:- വേണ്ടാ. ഇതു ഗോത്രമഹത്വീകരണത്തിനുവേണ്ടിയാണു്. അവർ ബതലഹമിൽതന്നെ ചെന്നു പേരു കൊടുക്കണം.

സാമുവൽ:- അഗസ്റ്റസ്സു കേസറിന്റെ കല്പനപ്രകാരം .. ഏ്!

യൂദിത്തു്:- വത്തമാനിക്കുക; മല്ലടിക്കുക. (സംഭ്രമിച്ചു ചുററിനടന്നു്) നിങ്ങഠംക്കു അവളെ ഒന്നു സഹായിച്ചുകൂടെ ?

ഈ സമയത്തു് അവഠം ആ ചെറുഭവനത്തിന്റെ വാതല്ക്കലേക്കു ചൂണ്ടിക്കാണിക്കുന്നു. അവിടെ മറിയത്തിന്റെ വൃദ്ധപിതാക്കളായ യോവാക്കീമും അന്നായും പ്രത്യക്ഷപ്പെടുന്നു. അവരുടെ പിറകെ പൃഥുരസ്കന്ധം, പിംഗളാംബരവേഷ്ടിതനുമായ യൌസേപ്പുമുണ്ടു്. മറിയത്തെ സഹായിക്കുന്നതിനായി യൌസേപ്പും യോയാക്കീമും അവരുടെ കരങ്ങളെ ഒപ്പം നീട്ടുന്നു. മറിയം തന്റെ ശിരസ്സിൽ അണിഞ്ഞിരുന്ന ധവളപടം അംസങ്ങളെക്കൂടെ മറച്ചിരുന്നു. ആ ശ്വേതാവരണത്തിനാടിയിൽ ഒരു പാടലാംശുകവും അവഠം ധരിച്ചിട്ടുണ്ടു്. എന്നാൽ നടക്കുമ്പോഠം വായുചലനം മൂലമുണ്ടാകുന്ന വസ്ത്രചാഞ്ചല്യത്തിനിടയിൽനിന്നും ശ്യാമളവർണ്ണമുള്ള ഒരു രോമകവസ്ത്രവും അവഠം ധരിച്ചിരിക്കുന്നതായി കാണാം. മന്ദസ്മേരവദനയായി മറിയം അവിടെ കൂടിയിരുന്നവരെ നോക്കിക്കൊണ്ടു തന്റെ മാതാവിനെ ആലിംഗനം ചെയ്യുന്നതിനായി അങ്ങോട്ടടുത്തു. യോയാക്കീം തന്റെ വാത്സല്യപുത്രിയെ അനുഗ്രഹിക്കവേ, അവഠം ശിരസ്സു കുനിച്ചു് അനുഗ്രഹം സ്വീകരിക്കുന്നു. അനന്തരം യൌസേപ്പ് അവളുടെ കരം ഗ്രഹിച്ചു അവളെ കൊണ്ടുപോകുമ്പോഠം റോഡരികിലുണ്ടായിരുന്ന സ്ത്രീജനങ്ങഠം വാവിട്ടു കരഞ്ഞുപോയി.

യൂദിത്തു്:- കുഞ്ഞേ, വേഗമാകട്ടെ. സൂക്ഷിച്ചു നടക്കണം. വഴിയൊക്കെ നനഞ്ഞു കുഴഞ്ഞതാണു്.

യൌസേപ്പ്:- പ്രിയേ, സൂക്ഷിച്ചു നടക്കണം. (അവർ റോഡിലേക്കിറങ്ങുന്നു) ഇപ്പോഠം ഇനി പ്രയാസമില്ല. (റോഡി

ലെത്തവേ) ഇപ്പോൾ വിഷമമെല്ലാം തീൻ.

മറിയം:- അങ്ങു വിഷമിക്കണ്ട. കത്താവ് എൻെറ ശക്തിയും എൻെറ സഹായവുമാണ്. ഒരു ക്ഷണനേരംകൊണ്ടു് എൻെറ സകല ക്ഷീണവും തീരും. (ജനക്കൂട്ടം മറിയത്തിൻെറ ചുററും കൂടി അവളോടു സംസാരിക്കുന്നു.)

യൂദിത്ത്:- (യൗസേപ്പിനെ ഒരു വശത്തേക്കു വിളിച്ച്) വീണ്ടും ഞാൻ പറയുന്നു. ഇതിൻെറയെല്ലാം ഉത്തരവാദിത്വം നിനക്കാണ്. അവൾ ഇവിടെത്തന്നെ താമസിക്കുവാൻ പറയുക.

യൌസേപ്പ്:- (ധൃതിയിൽ) ദൈവം അവളോടുകൂടിയുണ്ട്. അവിടുന്ന് അവളെ സംരക്ഷിച്ചുകൊള്ളും.

യൂദിത്ത്:- നീ എപ്പോഴും ഇങ്ങനെ പറയും. അവിടുന്നു അവളെ മഴയിൽനിന്നും, കള്ളന്മാരിൽനിന്നും, കടുവായിൽനിന്നും എന്നു വേണ്ട എല്ലാററിൽനിന്നും രക്ഷിച്ചുകൊള്ളുമോ ?

യൌസേപ്പ്:- ദൈവം അവളോടുകൂടിയുണ്ട്. അന്ധകാരശക്തിയുടെ എല്ലാ മായാതന്ത്രങ്ങളിൽനിന്നും അവിടുന്ന് അവളെ സംരക്ഷിച്ചുകൊള്ളും.

യൂദിത്ത്:- നീ ദൈവത്തെ പരീക്ഷിക്കുന്നു. പ്രത്യേകിച്ചു അവൾ കൂടെ പോരേണ്ടതായ യാതൊരു ആവശ്യവുമില്ലാത്ത ഈ സന്ദർഭത്തിൽ നിനക്കുതന്നെ പോയാലെന്താണ് ? അവൾ ഇവിടെ താമസിച്ചുകൊള്ളട്ടെ.

യൌസേപ്പ്:- അവൾ നിർബ്ബന്ധിക്കുന്നുവല്ലോ. ബതലഹമിൽ പോകണമെന്നു അവൾ നിർബ്ബന്ധിക്കുന്നു.

യൂദിത്ത്:- (ആക്ഷേപസ്വരത്തിൽ) നല്ല മനുഷ്യൻ. നീ നിൻെറ കുടുംബത്തിൻെറ തലവനല്ലേ ? അല്ല. ഏ് ? അവൾ ഇഷ്ടപ്പെടുന്നതെന്തോ അതൊക്കെയാണ് നിൻെറ പ്രവൃത്തികൾ !!

യൌസേപ്പ്:- അതിനെന്താണ് യൂദിത്തേ ? നീ അവളെ ഒന്നു നോക്കൂ. നോക്കൂ. അവൾ എസ്തേറിനെപ്പോലെ സുന്ദരി

യും, സൂസെന്നായെപ്പോലെ ചാരിത്രവതിയും, ഡെബോറാ യെപ്പോലെ ബുദ്ധിമതിയും, അല്ലേ ? അതേ, യൂദിത്തേ, ദൈവം അവളോടുകൂടിയുണ്ട്.

യൂദിത്ത്:- അതേ, അവളെ നോക്കുക. അതുതന്നെയാണ് ഞാനും പറയുന്നത്. അവളെ നല്ലവണ്ണം ഒന്നു നോക്കുക. അവൾ ഇപ്പോഴും ഒരു ബാലികതന്നെയല്ലേ ? ഒരു കൈകൊണ്ടു നിനക്കു അവളെ പൊക്കി എടുക്കാമല്ലോ.... ഇതാ ഒരു ഭൃത്യത്തെപ്പോലെ അവൾ വിളറിയിരിക്കുന്നു. എന്നിട്ടും അവളെ ബന്ധുജനങ്ങളിൽ നിന്നും ഉററവരിൽനിന്നും ഉടയവരിൽനിന്നും സ്വദേശത്തുനിന്നും അകററിക്കൊണ്ടുപോകുവാൻ നിനക്കു ലജ്ജയില്ലല്ലോ. (വാവിട്ടു കരഞ്ഞുകൊണ്ടു മറിയത്തിൻെറ അടുക്കലേക്കു പോകുന്നു )

മറിയം:- യൂദിത്തേ, എൻെറ ക്ഷീണമെല്ലാം നീങ്ങി. ഞാൻ മരിക്കുകയില്ല. ജീവിക്കുകതന്നെ ചെയ്യും. എല്ലാവരും, പ്രത്യേകിച്ച് നീയും ഇത് നല്ലവണ്ണം ഒന്നു മനസ്സിലാക്കു; ഞാൻ ബെതലഹമിൽ പോയേ മതിയാവൂ.

ജസബെൽ:- അതേ മറിയം പോയേ മതിയാവൂ.

യൂദിത്ത്:- എനിക്കു ഒന്നും മനസ്സിലാകുന്നില്ല.

ഗമാലിയേൽ:- ദാവീദിൻെറ ഗോത്രത്തിൽ പെട്ടവർ പേരുകൊടുക്കേണ്ടതു് ബെതലഹമിൽ ചെന്നാണ്.

സാമുവൽ:- (അവജ്ഞാപൂർവ്വം) വൈദേശികനായ റോമാക്കാരൻ സിറിനസ്സിൻെറ ആജ്ഞയ്ക്കുകീഴ്പ്പെട്ടു പേരു കൊടുക്കുവാൻ.

യൌസേപ്പ്:- അല്ല. ദൈവത്തിൻെറ തിരുമനസ്സനുസരിച്ചു പേരു കൊടുക്കുവാൻ.

സാമുവൽ:- ദൈവത്തിൻെറ തിരുമനസ്സ് ! ആ ശപിക്കപ്പെട്ടവരെ നമ്മുടെ നാട്ടിൽ നിന്നകററുന്നതിന ഇടയാകുമാറാകട്ടെ ! ദൈവം തൻെറ മിശിഹായെ അയച്ച് നമ്മെ ഉദ്ധരിക്കുമാറാകട്ടെ !!

ഗമാലിയൽ:- പ്രവചനങ്ങൾ അനുസരിച്ചു ആ സമയം അത്യാ

സന്നമായിരിക്കുന്നു.

സാമുവൽ:- ആ സമയം ഒന്നുകൂടെ ആസന്നമായതാകട്ടെ.

(യൌസേപ്പു മറിയത്തിൻെറ കൈക്കു പിടിച്ചു, കഴുതപ്പുറത്തു കയറുന്നതിന്നു അവളെ സഹായിക്കുന്നു.)

ഗമാലിയൽ:- ലോകത്തിൻെറ രക്ഷകൻ ഉയർത്തപ്പെടുകയും എല്ലാ ജാതികളും തൻെറ മുമ്പിൽ മുട്ടുകുത്തി തന്നെ ആരാധിക്കുകയും ചെയ്യുന്നതിനുള്ള സമയം ഇതാ സമാഗതമായിരിക്കുന്നു!

യൂദിത്തു്:- (ശിരസ്സു മറിയത്തിൻെറ മുട്ടിന്മേൽ അണച്ചുകൊണ്ടു ഗദ്ഗദസ്വരത്തിൽ) അവൻ ബത്ലഹമിൽവച്ചു പിറക്കുമെന്നോർത്തുകൊള്ളണം.

ഫിലിപ്പ്:- സ്ത്രീയേ, മിണ്ടാതിരിക്കൂ. അഭിവന്ദ്യനായ ഗമാലിയൽ മിശിഹായെപ്പററിയാണ് സംസാരിക്കുന്നതു്.

യൂദിത്തു്:- താനും മിണ്ടാതിരിക്കൂ. ഞാൻ മറിയത്തിൻെറ കുട്ടിയെക്കുറിച്ചാണ് പറയുന്നതു്.

യൌസേപ്പ്:- ഇനിയും പിന്നെ കണ്ടുപറയാം. ഞങ്ങൾ ഇപ്പോൾ പുറപ്പെടട്ടെ. (കഴുതയുടെ കയറും പിടിച്ചുകൊണ്ടു നടക്കുന്നു.) ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഗമാലിയൽ:- നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

മററുള്ളവർ:- അങ്ങനെതന്നെ സംഭവിക്കുമാറാകട്ടെ. ആമ്മേൻ.

മറിയം:- ജസബേൽ, സാറാ, വെറോനിക്കാ, യൂദിത്തേ, യൂദിത്തേ, ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. (മറിയം യൂദിത്തിൻെറ ശിരസ്സു തലോടുമ്പോൾ ആ വൃദ്ധധാത്രി മറിയത്തിൻെറ വസ്ത്രാഞ്ചലത്തിനുള്ളിൽ മുഖം മറച്ചു കരയുന്നു) ദൈവമായ കർത്താവിൻെറ അനുഗ്രഹം ഞാൻ വരുന്നതുവരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

യൌസേപ്പ് കയറു പിടിച്ചു വെട്ടിക്കുമ്പോൾ തലയുയർത്തി കഴുത നടന്നുതുടങ്ങുന്നു. മറിയം തൻെറ ഭവനത്തിങ്കലേക്കും തൻെറ വൃദ്ധ മാതാപിതാക്കൾ നിൽക്കുന്നിടത്തേക്കും തിരിഞ്ഞു

നോക്കുന്നു. അവളുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണുനീർ ധാര ധാരയായി പ്രവഹിക്കുന്നു. എങ്കിലും അവൾ ചാപല്യങ്ങൾ ഒന്നും കാണിച്ചില്ല. ആശിസ്സുരിച്ചുകൊണ്ട് ഗ്രാമവാസികൾ അവരെ പിന്തുടർന്നുപോയി. കുറെ സ്ത്രീകൾ മാത്രം ആ റോഡരികിൽ അവശേഷിച്ചു.

ജസബെൽ:- അതു ശരിയാണ്. അവൾ പോയതു തക്ക കാരണത്തോടുകൂടിത്തന്നെയാണ്.

സാറാ:- (ഒരു യുവതി-വിവിക്തഭാവത്തിൽ) എന്തുകൊണ്ട്?

ജസബെൽ:- നീ ശുദ്ധഗതിക്കാരിയല്ലേ? നീ തന്നെ ഒന്നു ആലോചിച്ചുനോക്കൂ.

സാറാ:- (കേൾക്കാൻ ഉത്സാഹത്തോടെ) ജസബെൽ! നീ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല.

ജസബെൽ:- വിവാഹത്തിനു ശേഷമുള്ള മൂന്നു മാസക്കാലം മറിയം എവിടെയായിരുന്നു?

വെറോനിക്ക:- അവളുടെ പിതൃവ്യയായ എലിസബത്തിൻെറ കൂടെ. അതെല്ലാവർക്കും അറിയാവുന്ന സംഗതിയാണല്ലൊ.

ജസബെൽ:- അവൾ അവിടെനിന്നും വന്നപ്പോൾ യൌസേപ്പ് ചിന്താകുലനായിത്തീർന്നുവെന്നുള്ള വസ്തുതയും നിങ്ങൾ അറിഞ്ഞിട്ടില്ലേ?

വെറോനിക്ക:- യൌസേപ്പിനു മറിയത്തെ ലഭിച്ചപ്പോൾ വിവാഹിതരായിട്ടുള്ളവരിൽ അയാൾ ഏററവും ഭാഗ്യവാനായിത്തീർന്നു.

ജസബെൽ:- ഞാൻ സത്യം ചെയ്യാം. മറിയത്തിൻെറ ശിശു യൌസേപ്പിൻെറ സന്താനമല്ല.

സാറാ:- (ഉല്ക്കണ്ഠാപൂർവ്വം) യൂദിത്തേ, യൂദിത്തേ, ഇങ്ങോട്ടൊന്നു വേഗം വരൂ. ജസബെൽ പറയുന്നത്........ (യൂദിത്തു വായുവേഗത്തിൽ പാഞ്ഞെത്തുന്നു.)

യൂദിത്ത്:- ഇത് അവൾ നിങ്ങളോടു പറയുകയായിരുന്നോ? എന്ത്? അവളോ? (ജസബെൽ കൂട്ടത്തിൽനിന്നു ഒഴിഞ്ഞു മാറുന്നു) എടീ! ദുഷ്ടേ! പിശാചേ! വായാടിക്കോതേ! നീ-

നീ – നീ – (ജസബൽ അപ്രത്യക്ഷമായി) കുട്ടികളേ, നിങ്ങൾ ഇനി ആ പുംശ്ചലി പറയുന്നതിനെ ഒട്ടും ശ്രദ്ധിക്കരുതു്. കേട്ടോ. (കുറെ നടന്നിട്ടു്) കുട്ടികളേ, അവൾ പറയുന്നതിൽ ഒരു വാക്കുപോലും നിങ്ങൾ വിശ്വസിക്കരുതേ. (കുറേക്കൂടി നടന്നിട്ടു്) മറിയം! അവൾ ദൈവപുത്രൻെറ മാതാവാകുവാൻ തക്കവണ്ണം പരിശുദ്ധയാണു്. (അവൾ പോയി; മററു പെൺകുട്ടികൾ ചിന്താകുലരായി റോഡിൽതന്നെ നില്ക്കുന്നു.)

വെറോനിക്ക:- മറിയം ഒരസാധാരണ സുന്ദരിയല്ലേ ?

സാറാ:- എന്തായാലും ഞാൻ അവളെ അത്യധികമായി സ്നേഹിക്കുന്നുണ്ടു്.

വെറോനിക്ക:- അവളിൽ അത്ഭുതകരമായി എന്തോ ഒന്നുണ്ടു്. അതേ, അഴകും നന്മയും.

സാറാ:- വയലിലെ ലിലിപുഷ്പങ്ങൾപോലെ അവൾ അഴകുള്ളവളാകുന്നു.

വെറോനിക്ക:- അതു് അവളുടെ നേത്രങ്ങളിൽ തെളിഞ്ഞു കാണാം.

സാറാ:- ചിലപ്പോൾ അത്ഭുതകരവുമാണു്. അവ ചിലപ്പോൾ ദീപപ്രകാശംപോലെ പ്രശോഭിക്കുന്നുണ്ടു്.

വെറോനിക്ക:- അങ്ങനെയല്ല. ഒരു കൂപത്തിലെ നിശ്ചഞ്ചലമായ ജലത്തിലേക്കു നോക്കുമ്പോൾ അതിൽ പ്രതിഫലിച്ചു കാണപ്പെടുന്ന ഒരു മനോഹര നക്ഷത്രത്തെപ്പോലെയാണതു്. അതു തുള്ളിച്ചാടുന്നതുപോലെ നമുക്കു തോന്നുന്നു.

സാറാ:- എനിക്കറിയാം. നീ അവളുടെ നേത്രങ്ങളെ സൂക്ഷ്മ നിരീക്ഷണം ചെയ്യുന്നു.

വെറോനിക്ക:- അവ ചിലപ്പോൾ ദുഃഖമയമായിരിക്കും. ചിലപ്പോൾ ദുഃഖവും സന്തോഷവും പ്രകടിപ്പിക്കും.

സാറാ:- ചിലപ്പോൾ ഒരു ഭൂതത്തെ കണ്ടാലെന്നതുപോലെ ഭീകരവുമായിരിക്കും. അതു നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ?

വെറോനിക്ക:- ആയിരിക്കാം .... ആരോടും പറയുകയില്ലെന്നു

സത്യം ചെയ്യാമെങ്കിൽ ഞാൻ ഒരു സ്വകാര്യം പറയാം.

സാറാ:- (ഉൽക്കണ്ഠാപൂർവ്വം) ഞാൻ വാഗ്ദാനം ചെയ്യുന്നു.

വെറോനിക്ക:- മറിയം പലപ്പോഴും മാലാഖാമാരെ കാണാറുണ്ടെന്നാണു യൂദിത്തു പറയുന്നതു്.

സാറാ:- (അത്ഭുതസമേതം) എന്തു്? (തുടരും)

## ആണ്ടു്ഹെലൻെറ കത്തുകൾ.

(തപസ്സുകാലത്തിലെ ചതുർത്ഥ വാരം)

പ്രിയ കുട്ടികളേ,

മോസസ്സ് തൻെറ അത്ഭുതശക്തിയുള്ള വടിയുമായി ഈജിപ്റ്റു രാജാവായ ഫറവോയുടെ അടുക്കൽ ചെന്നു: "എൻെറ ജനത്തിൻെറ—യഹൂദരുടെ—ദൈവമായ കർത്താവു് ഞങ്ങളെ അങ്ങേ രാജ്യസീമയിൽനിന്നു വിട്ടയക്കണമെന്നു കല്പിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

എന്നാൽ ഫറവോ മറുപടി പറഞ്ഞു: "നിൻെറ ജനത്തിൻെറ ദൈവമായ ഈ കർത്താവു ആരാണു്? ഞാൻ അവനെ അറിയുന്നില്ല; നിൻെറ ജനത്തെ ഞാൻ വിട്ടയക്കയുമില്ല." ഇങ്ങനെ അദ്ദേഹം ആ യഹൂദാടിമകളെക്കൊണ്ടു പൂർവ്വാധികം വിഷമതരമായ ജോലികൾ ചെയ്യിച്ചു.

വീണ്ടും മോസസ്സ് ചെന്നു് ആ യഹൂദന്മാരെ സ്വതന്ത്രരായി വിട്ടയക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ ഫറവോ വീണ്ടും നിഷേധിച്ചതിനാൽ, കർത്താവിൻെറ വാക്യാനുസരണം മോസസ്സ് പ്രവർത്തിച്ചു അദ്ദേഹം തൻെറ വടി ഉയർത്തി, നദീജലത്തിൽ അടിച്ചു; ഉടൻ അതു രക്തമായിത്തീർന്നു; തദ്വാരാ എല്ലാ മത്സ്യങ്ങളും നശിച്ചു; ഈജിപ്റ്റുകാർക്കു കുടിക്കാൻ വെള്ളമില്ലാതെയുമായി. എന്നിട്ടും ഫറവോ അവരെ വിട്ടയക്കുവാൻ ഭാവമില്ല.

ആകയാൽ ദൈവം എജിപ്തരെ മറ്റൊരു ശിക്ഷയ്ക്കു വശ

ഗരാക്കിത്തീൎത്തു: നദിയിൽനിന്ന അനേകായിരം തവളകഠം കരയിലേയ്ക്കു കയറിവരാൻ തുടങ്ങി: രാജ്യമാസകലം തവളകളെക്കൊണ്ടു നിറഞ്ഞു. ഇങ്ങനെ സകല സ്ഥലവും—രാജകീയ മന്ദിരത്തിലെ കിടക്കകഠംപോലും—തവളകളാൽ ആവൃതമായി എന്നു കണ്ടു് ഫറവോ മോസസ്സിനോടു പറഞ്ഞു: നിങ്ങഠം "നിങ്ങളുടെ ദൈവത്തോടു പ്രാൎത്ഥിക്കുവിൻ; അദ്ദേഹം ഈ തവളകളെ നീക്കിത്തന്നാൽ ഞാൻ അവരെ വിട്ടയക്കാം." എന്നാൽ തവളകളുടെ ബാധ നീങ്ങിയതോടുക്രുടി അദ്ദേഹം പ്രതിശ്രുവത്തെ ലംഘിക്കയും കൎക്കശമാനസനായി ഭവിക്കയുംചെയ്തു. ബന്ധനസ്ഥരെ ഇനിയും മോചിക്കുവാൻ ഭാവമില്ല.

ആകയാൽ ദൈവം ഈ വഞ്ചകകൎക്കശനായ രാജാവിൻെറയും അദ്ദേഹത്തിൻെറ അധികാരസീമയിൽപെട്ട അഖിലരാജ്യങ്ങളുടെയുംമേൽ ഒന്നിനുപുറകെ ഒന്നായി ഓരോ കഠിനശിക്ഷയെ അയക്കുവാൻ തുടങ്ങി. പ്രാണികളും, ഈച്ചകളും, കടന്നലുകളും ക്രൂട്ടാക്രൂട്ടമായി വന്നു് മനുഷ്യരെ അതീവമായി ശല്യപ്പെടുത്തി; പലവിധത്തിലുള്ള അരോചകവ്യാധികഠം മനുഷ്യരേയും മൃഗങ്ങളെയും ബാധിച്ചു; ആകാശത്തുനിന്ന ഗന്ധകവും അഗ്നിയും പൊഴിഞ്ഞു; എന്നിട്ടും ഫറവോയുടെ ഹൃദയം ഇനിയും ലോഹഹൃദയംതന്നെ. ബന്ധനസ്ഥരെ അദ്ദേഹം ഇനിയും വിട്ടയക്കുകയില്ല.

അപ്പോഠം ദൈവം മോസസ്സിനോടു പറഞ്ഞു: "ഞാൻ ഒരു വസന്തക്രൂടെ ഈജിപ്തരുടെമേൽ അയക്കും. അതു്, രാജാവു നിങ്ങളെ വിട്ടയക്കത്തക്കവിധം അത്രയ്ക്കു ഉഗ്രമായതായിരിക്കും. അൎദ്ധരാത്രി ഞാൻ ഒരു മാലാഖായെ അയച്ചു് ഈജിപ്തിലുള്ള എല്ലാഭവനങ്ങളിലെയും ആദ്യജാതശിശുക്കളെ വധിപ്പിക്കും; എന്നാൽ എൻെറ തിരിഞ്ഞെടുക്കപ്പെട്ട ജനത്തിനു ഈ നാശം സംഭവിക്കാതിരിക്കുന്നതിനു, ധ്വംസകമാലാഖാ വീടിൻെറ വാതില്ക്കൽ വരുമ്പോഠം അതിനെ ദൈവോപാസകരുടെ ഭവനമാണെന്നു തിരിച്ചറിയത്തക്കവണ്ണം പുരവാതിലിന്മേൽ കുഞ്ഞാടിൻെറ രക്തംകൊണ്ടു് പൂശുവാൻ അവരോടു ആജ്ഞാപിക്കുക."

ദൈവാജ്ഞയനുസരിച്ചു സവ്വവും നിവ്വഹിക്കപ്പെട്ടു. പ്രഭാതമായതോടെ രാജ്യമാസകലം ഒരു സന്തപ്തമായ പരിദേവനത്താൽ മുഖരിതമായി. ഈജിപ്തിലുള്ള എല്ലാ ഭവനങ്ങളിലേയും സീമന്തജാതന്മാർ മൃത്യുവടഞ്ഞു. ഫറവോയുടെ കുട്ടിയും അതിൽ പെട്ടിട്ടുണ്ട്. ഈ ഭയങ്കരനാശത്തിനുശേഷമേ ആ വജ്രകക്കശമാനസൻ ആ സാധുക്കളായ യഹൂദബന്ധനസ്ഥരെ വിട്ടയച്ചുള്ളു.

ഇങ്ങനെ, ഒടുവിൽ, ദൈവത്തിൻെറ തിരിഞ്ഞെടുക്കപ്പെട്ട ജനത്തിനു മോചനം ലഭിച്ചു: അവർ ദൈവത്താൽ പ്രതിശ്രുതമായ രാജ്യത്തെയ്ക്കു—"പാലും തേനും ഒഴുകുന്ന രാജ്യ"ത്തെയ്ക്കു—പുറപ്പെട്ടു. അവിടെ ചെന്നെത്തുന്നതിനു അവക്കു നാല്പതു സംവത്സരകാലം വേണ്ടിവന്നു. ഈ സുദീഘമായ യാത്രാമദ്ധ്യേ അവക്കു നിരവധി ക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നു. പക്ഷെ പ്രതിശ്രുതാനുസൃതം, ദൈവം അവരെയെല്ലാം അത്ഭുതാവഹമാംവണ്ണം പരിരക്ഷിച്ചു. മരുഭൂമിയിൽ വെള്ളമില്ലാതെവന്നപ്പോൾ ദൈവം മോസസ്സിനോടു തൻെറ വടികൊണ്ടു പാറമേൽ അടിക്കുവാൻ കല്പിച്ചു; വെള്ളം സുലഭമായി പ്രവഹിച്ചു. ഭക്ഷണത്തിൻെറ കാൎയ്യത്തിലും യാതൊരു ദുർഭിക്ഷതയും ഉണ്ടായിരുന്നില്ല. ദിവസംപ്രതി സ്വഗ്ഗേനിന്നു, 'മന്ന' എന്നു പറയപ്പെടുന്ന ആ മധുരമുള്ള അപ്പം പൊഴിഞ്ഞുകൊണ്ടിരുന്നു.

ദൈവം യഹൂദരെ പരിരക്ഷിച്ചതിനെപ്പററി - പ്രത്യേകിച്ചു അവർ അത്ഭുതാവഹമാംവണ്ണം ഈജിപ്തിൽനിന്നു വിമോചിക്കപ്പെട്ടതിനെപ്പററി - അവർ അദ്ദേഹത്തോടു വളരെ കൃതജ്ഞതയുള്ളവരായിരുന്നു. ഈ സ്മരണയെ കൊണ്ടാടുന്നതിനു അവർ പ്രതിവഷം 'പാസ്ക' (കടന്നുപോകുക) എന്നൊരു തിരുനാളും ഏൎപ്പെടുത്തി. (നിഗ്രഹദൂതൻ വീടുകളെ തിരിച്ചറിഞ്ഞു കടന്നുപോയിരുന്നതിനെയത്രെ ഈ 'പാസ്ക' കൊണ്ടു സൂചിപ്പിക്കുന്നതു്.) ഈ പാസ്കയെപ്പററിയാണ് നാം ഇന്നത്തെ സുവിശേഷത്തിൽ വായിക്കുന്നതു്.

ഈ മഹോത്സവത്തിൽ ഭാഗഭാക്കുകളാകുന്നതിനായി ജനസംഘങ്ങൾ 'വിശുദ്ധ നഗര'മായ ജരുസലേമിൽ വന്നു കൂടുന്ന

തിനെപ്പററിയും നാം ഇന്നു വായിച്ചു കേൾക്കുന്നുണ്ട്. അവരിൽ ഭൂരിപക്ഷവും വഴിമദ്ധ്യേ, യേശു ദൈവവചനം പ്രസംഗിക്കുന്നതുകേട്ടു ദത്തശ്രദ്ധരായി നിന്നുപോയത്രെ. അവക്ക് അതിങ്കലുണ്ടായ രസവും ഏകതാനതയും നിമിത്തം മററുള്ള സമസ്തവും അവർ മറന്നുപോയി. എന്തിന് ? ഭക്ഷണത്തിൻെറ കാൎയ്യം തന്നെയും വിസ്മൃതമായിപ്പോയി. സന്ധ്യയായപ്പോൾ, അവർ ഇനിയും അത്താഴത്തിനുള്ളതൊന്നും വാങ്ങിയിട്ടില്ലെന്നും, അവർ, ഭക്ഷണസാധനങ്ങൾ വാങ്ങാൻ കിട്ടുന്ന കടകളിൽനിന്നു വളരെ അകലെയാണെന്നും മനസ്സിലായി.

പക്ഷെ, അവർ വിശപ്പു സഹിച്ചുകൊണ്ടു യാത്ര തുടരുന്നതിനു യേശു അനുവദിച്ചില്ല. മോശസ്, യഹൂദജനത്തെ മരുഭൂമിയിൽക്കൂടെ കടത്തിക്കൊണ്ടു പോകുമ്പോൾ, സ്വൎഗ്ഗീയ പിതാവു അവരെ അത്ഭുതകരമായി ഭക്ഷണം കൊടുത്തു തൃപ്തരാക്കിയതുപോലെതന്നെ, അദ്ദേഹവും അവരെ സംരക്ഷിച്ചു. അതെ, സ്വൎഗ്ഗത്തിൽനിന്നുള്ള അപ്പംകൊണ്ടു അദ്ദേഹം അവരെ തീററി. സ്വൎഗ്ഗത്തിൽനിന്നുള്ള ശക്തികൊണ്ടല്ലാതെ ഏതാനും അപ്പക്കഷണങ്ങളും ചെറുമത്സ്യങ്ങളും അത്യധികംപേരെ തീററി തൃപ്തരാക്കുവാൻ സാദ്ധ്യമല്ലല്ലൊ.

പ്രിയ കുട്ടികളേ, യേശു ജീവിക്കുകയും, പ്രസംഗങ്ങൾ ചെയ്കയും, അത്ഭുതങ്ങൾ പ്രവൎത്തിക്കയും ചെയ്തപ്പോൾ, നിങ്ങളിലോരോരുത്തരും അന്നു ജീവിക്കയും, ആ പ്രസംഗങ്ങൾകേൾക്കുകയും, ആ അത്ഭുതങ്ങൾ കാണുകയും ചെയ്വാൻ സാധിച്ചിരുന്നെങ്കിൽ! എന്നു വിചാരിക്കുന്നുണ്ടാവാം. എന്നാൽ അതിനു ഞങ്ങൾക്കു സാധിക്കുന്നില്ലല്ലോ എന്ന ഒരു നിരാശയും നിങ്ങളെ ബാധിച്ചേക്കാം. പക്ഷെ, ഈ സൗഭാഗ്യം നിങ്ങൾക്കിപ്പോളില്ലെന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ നിങ്ങൾ അബദ്ധത്തിൽ പെട്ടുപോയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തെ ആസകലം യേശുവിൻെറ മാംസവും രക്തവുംകൊണ്ടു ദിവസംപ്രതി പോററുന്നതു സാക്ഷാൽ അത്ഭുതമല്ലയോ ? നിങ്ങൾ ഓരോരുത്തരും ഇതിനു ദൃക്സാക്ഷികളല്ലയോ ? അവിടുന്നു നമ്മുടെ ആത്മജീവ

സന്ധാരണത്തിനായി തരുന്ന ഈ മധുരമുള്ള അപ്പം സാക്ഷാൽ സ്വൎഗ്ഗീയമായ അപ്പമല്ലെന്നു ആൎക്കു് പറയാൻ സാധിക്കും!!

മാൎച്ച്മാസത്തെ

# പൊതുനിയോഗം.

## സാമ്പത്തിക വിഷമതയാൽ തൊഴിലില്ലാതെ ക്ലേശിക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുക.

സാമ്പത്തികാധഃപതനത്താൽ തൊഴിലില്ലാതെയായിത്തീൎന്നിട്ടുള്ളവരുടെ സംഖ്യ ദൈനംദിനം വൎദ്ധിച്ചാണു വരുന്നതു്. പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഈ പാവപ്പെട്ടവരുടെനേൎക്കു ധനവാന്മാൎക്കും മുതലാളികൾക്കും അനുകമ്പയുണ്ടായെങ്കിൽ മാത്രമേ ഈ ദുഃസ്ഥിതിക്കു അല്പമെങ്കിലും ശമനമുണ്ടാകയുള്ളൂ. ഈ സാമ്പത്തികാധഃപതനത്തിനുള്ള ഒരു കാരണം ധനമെല്ലാം ചുരുക്കം ചിലരുടെ കൈവശം ചെന്നുപററിയതുകൊണ്ടാണെന്നു ധനതത്വശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ഇതെങ്ങിനെയിരുന്നാലും ധനവാന്മാർ ശ്രമിച്ചാൽ സാധുക്കളുടെ സ്ഥിതിക്കു കുറെയൊക്കെ ഭേതമുണ്ടാക്കാമെന്നുള്ളതിനു സംശയമില്ല. തൊഴിലാളികളുടെ ഈ ദുഃസ്ഥിതിക്കു ഒരന്തമുണ്ടാകാൻവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാൎത്ഥിക്കേണ്ടതാണു്.

# പുസ്തകാഭിപ്രായം.

"ഒൻപതു മാസാദ്യ വെള്ളിയാഴ്ചകൾ." ഗ്രന്ഥകൎത്താവു്: റവ. ഫാദർ ജോസ് എൽ. മാവുങ്കൽ, അങ്കമാലി. വില ണ. ന്ന.

ഒൻപതുമാസം മുടങ്ങാതെ ആദ്യവെള്ളിയാഴ്ചതോറും ശ്രു. കുൎബ്ബാന കൈക്കൊള്ളുന്നവൎക്കെല്ലാം, അന്ത്യനേരത്തു പാപങ്ങളെക്കുറിച്ചു മനസ്താപപ്പെടുന്നതിനുള്ള വിശേഷവരപ്രസാദം ന

മ്മുടെ കർത്താവു വാഗ്ദാനം ചെയ്തിട്ടുള്ളതാണല്ലോ. ഇതു ശരിയായി നിർവ്വഹിക്കുന്നതിനുവേണ്ടി ധ്യാനങ്ങളും ആത്മശോധനാവിഷയങ്ങളും അവയെത്തുടൎന്നുള്ള ജപങ്ങളും ഈ നാട്ടുകാൎക്കു യോജിക്കുന്ന രീതിയിൽ രചിക്കയാണു് ഗ്രന്ഥകാരൻ ഈ പുസ്തകത്തിൽ ചെയ്തിട്ടുള്ളതു്. കത്തോലിക്കരെവരും ഈ പുസ്തകം വാങ്ങി ഉപയോഗിക്കേണ്ടതു് ആവശ്യംതന്നെ. ഇതും ഗ്രന്ഥകൎത്താവിന്റെ മററു പുസ്തകങ്ങളും അക്ഷയനിധികളെപ്പോലെ എന്നെന്നും കത്തോലിക്കൎക്കു നിലനില്ക്കുന്നതാണു്. റവ. ഫാദർ ജോസ് എൽ. മാവുങ്കൽ മേലും ഇതുപോലെയുള്ള അനേകപുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തി കത്തോലിക്കമതഗ്രന്ഥങ്ങളുടെ കുറവിനെ തീൎക്കുമെന്നും തദ്വാരാ ഭാഷക്കും പോഷണമുണ്ടാക്കുമെന്നും വിശ്വസിക്കുന്നു. ഗ്രന്ഥകൎത്താവിനോടു നേരിട്ടപേക്ഷിച്ചാൽ പുസ്തകം കിട്ടുന്നതാണു്

“റീത്താസന്ദേശം”, പ്രതിമാസപത്രിക. പ്രകാശകൻ: കെ. വി. ജോസഫ്, തേവര. വരിസംഖ്യ 1½ ക.

ഈ സഹജീവിയുടെ ഒന്നാം ലക്കത്തിൽ എ. ഡാനിയേൽ, കണ്ണിയാങ്കട എഴുതിയ ‘നവജ്യോതിസ്സേ നമസ്കാരം’, പത്രാധിപരുടെ ‘പ്രസ്താവന’, പാറായിൽ വി. ഉറുമീസു തരകൻ ബി എ. എഴുതിയ ‘ക്രിസ്മസ്സ്’, എൽ. എം. തോമസ് എഴുതിയ ‘കേരളകത്തോലിക്കാ സഭയുടെ തല്ക്കാലസ്ഥിതി’, റവ. കെ. സി. കെ. എഴുതിയ ‘ബാലധീരൻ’, (‘പൗരസ്ത്യദൂതനി’ൽനിന്നു്) ‘ക്രിസ്ത്യാനികളും മലയാളഭാഷയും’, സി. എ. മാത്യു എഴുതിയ ‘റോസമ്മയുടെ ത്യാഗം’ (‘മലയാളരാജ്യ’ത്തിൽനിന്നു്) ‘അവർ കുട്ടികളായിരുന്നപ്പോൾ’, വിമൎശനപംക്തി എന്ന തലക്കെട്ടിൽ പുസ്തകപത്രമാസികകളെക്കുറിച്ചുള്ള നിരൂപണങ്ങൾ, ഗാനം, മംഗളപദ്യങ്ങൾ, എന്നിത്രയും വിഷയങ്ങളാണു് അടങ്ങിയിരിക്കുന്നതു്. മേൽപ്പറയപ്പെട്ട എല്ലാവിഷയങ്ങളും വായിക്കപ്പെടേണ്ടവതന്നെയെന്നു ഞങ്ങൾക്കു തുറന്നു പറയാവുന്നതാണു്. ഇതിൽ നാലാമത്തും, ആറാമത്തും പറഞ്ഞ ലേഖനങ്ങൾ കത്തോലിക്കർ അവശ്യം വായിച്ചിരിക്കേണ്ടതാണു്. ഇതിൽ ചേൎത്തിരിക്കുന്ന മൂന്നു

ചിത്രങ്ങളും നന്നായിട്ടുണ്ട്. ഈ പുതിയ സഹജീവിക്ക് ഞങ്ങ ൾ സൎവ്വ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

---

## വെററില മുറുക്ക്.

ഡാക്ടർ ആർ. എൻ. ഘോഷ് ഡി. ഇ. ഡി. പി. (പാരീസ്) പി. ജി. ഡെൻററ് (ഇംഗ്ലൻഡ്) അമൃതബസാർ പത്രികയിൽ ഇങ്ങ നെ എഴുതുന്നു:-

താമ്പൂലചൎവ്വണം ആരോഗ്യപോഷകമാണെന്നു പലരും തെററിദ്ധരിച്ചതായിക്കാണുന്നു. പിയോറിയാ അൽവേറീസ് എ ന്ന ഭയങ്കരവും പ്രചുരപ്രചാരവുമായ ദന്തരോഗത്തിനു മുഖ്യകാര ണം ഇതുതന്നെയാണെന്നു ജനങ്ങളെ അറിയിക്കേണ്ട കാലം അ തിക്രമിച്ചിരിക്കുന്നു. ഈ രോഗം ആരോഗ്യത്തിൻെറ ബദ്ധവൈ രിയാണെന്നും ഇതാണ് അകാലത്തിൽ മനുഷ്യരെ ശ്മശാനത്തി ലേയ്ക്കു വലിച്ചിഴക്കുന്നതെന്നും വിദഗ്ദ്ധന്മാരായ അനേകം ഡാ ക്ടർമാർ ഗ്രന്ഥങ്ങൾമൂലം അഭിപ്രായപ്പെട്ടിട്ടുണ്ട്. താമ്പൂലചൎവ്വ ണംകൊണ്ടു ആപല്ക്കരമായ ഈ രോഗം എങ്ങിനെയാണ് ദന്ത നിരയെ ബാധിക്കുന്നതെന്നും അതെങ്ങനെ ആരോഗ്യത്തിനു ഹാനികരമാകുന്നുവെന്നും അന്വേഷിക്കുകയാണ് ഈ ലേഖന ത്തിൻെറ ഉദ്ദേശം.

താംബൂലത്തിനു, അതിൻെറ സേവകന്മാർ വാദിക്കുന്നതു പോലെ ചില ഗുണങ്ങളുണ്ടെന്നു സമ്മതിക്കാമെങ്കിലും ഭവിഷ്യ ൽഫലങ്ങളായ ദോഷങ്ങളോടു തുലനംചെയ്തു നോക്കുമ്പോൾ ഗു ണം അഗണ്യമായിത്തീരുന്നുണ്ടെന്നും ദോഷം അതിനെ തീരെ ഗ്രസിക്കുന്നുവെന്നും പറയാതെ നിവൎത്തിയില്ല. മിതമായ ഉപ യോഗം ദഹനത്തിനു സഹായിക്കുന്നുണ്ടെങ്കിലും അതു പതിവാ യി ശീലിക്കുന്നവരുടെ ദഹനശക്തി ക്രമേണ ക്ഷയിച്ചുവരുന്ന തായിട്ടാണു കാണുന്നതു്. യൌവനം അവസാനിച്ചു ഓജസ്സു കു റഞ്ഞുതുടങ്ങുമ്പോൾ പിയോറിയാ എന്ന ദന്തരോഗം സഹചാര ങ്ങളായ അവയവക്ഷീണതയോടുകൂടി ആവിർഭവിക്കുന്നു. അമിത മായ ക്ലേശങ്ങൾ സഹിച്ചതിനു ശേഷമാണു അയാൾ മുറുക്കൽ

ഉപേക്ഷിക്കുന്നതു്. അതിനു മുമ്പായാൽ എത്ര നന്നായിരിക്കും.

ശരീരപോഷണത്തിനു പല തരത്തിലും അത്യാവശ്യമായ ഉമിനീരിനെ വളരെയധികം ദുർവ്യയം ചെയ്യേണ്ടിവരുന്നതാണു താംബൂലചർവ്വണത്തിൻെറ പ്രധാനമായ ഒരു ന്യൂനത. താംബൂലത്തോടൊരുമിച്ചുതന്നെ വീര്യമുള്ള പുകയിലയും ഉപയോഗിക്കുന്നതു് ഇന്ത്യയിൽ സാധാരണമാണല്ലൊ. ഇവ വായിലെ അതിമൃദുലങ്ങളായ മാംസപേശികളെ ക്ഷയിപ്പിക്കുകയും രസനേന്ദ്രിയത്തിൻെറ ആസ്വാദനശക്തിയെ ഗണ്യമായി നശിപ്പിക്കുകയും ചെയ്യുന്നു. കണ്ഠശ്ശൂല, വായിൽ പുണ്ണു മുതലായ വൃത്തിഹീനങ്ങളായ രോഗങ്ങൾ ഇതുകൊണ്ടാണു് ഉണ്ടാകുന്നതെന്നാണു് വൈദ്യവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്.

നീററിയ ചുണ്ണാമ്പു മുറുക്കുന്നതു പല്ലുകൾക്കു പ്രത്യേകമായും ആരോഗ്യത്തിനു സാമാന്യമായും ഹാനികരമാകുന്നു. ഉമിനീരിൻെറ സ്വഭാവത്തെ അതു ഭേദപ്പെടുത്തുന്നതുകൊണ്ടാണു ദഹനേന്ദ്രിയസംബന്ധമായ അസ്വാസ്ഥ്യങ്ങൾ ജനിക്കുന്നതു്. അടക്കയും ചുണ്ണാമ്പുംകൂടി ധവളമായ ദന്തനിര അറപ്പു തോന്നിക്കുന്ന രക്തവർണ്ണമായി മാററുന്നു. ഒരിക്കൽ അങ്ങനെ ഒരു ചുകപ്പു നിറം ബാധിച്ചുകഴിഞ്ഞാൽ അതു മാച്ചുകളയുക സാദ്ധ്യമല്ല. ചുരണ്ടിക്കളയുന്നതു ആരോഗ്യത്തെ നശിപ്പിക്കുകയും ചെയ്യും.

തീരെ ഉപേക്ഷിക്കുവാൻ സാധിക്കാതിരിക്കത്തക്കവണ്ണം മുറുക്ക ശീലിച്ചിട്ടുള്ളവർ അതിൻെറ കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. വെററില വൃത്തിയായി കഴുകി കാററു തട്ടാതെ സൂക്ഷിച്ചു വച്ചിരിക്കണം. അല്ലാത്തപക്ഷം അതിന്മേൽ സാംക്രമികരോഗങ്ങളുടെ അതിസൂക്ഷ്മങ്ങളായ ബീജങ്ങൾ ഇരിക്കുവാനിടയുണ്ടു്. അടയ്ക്ക എപ്പോഴും നല്ലവണ്ണം പഴുത്തതൊ ഉണക്കിയതൊ ആയിരിക്കണം. തെരുവിൽ തുറന്നുവച്ചിരിക്കുന്ന "ബോംബായിബീഡ"കൾ ഒരിക്കലും ഉപയോഗിക്കരുതു്. പുകയില തീരെ ഉപേക്ഷിക്കേണ്ടതാണു്. ദിവസത്തിൽ കവിഞ്ഞതു ഒന്നോ രണ്ടോ പ്രാവശ്യം മാത്രമെ മുറുക്കാവു. രാത്രി കിടക്കുമ്പോൾ വളരെ നിഷ്കൎഷയോടെ ദന്തധാവനം ചെയ്യണം.

"ആരോഗ്യമാണ് ധനം" എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ, ഞാൻ പറയുന്ന താമ്പൂലത്തെ ബഹിഷ്കരിക്കുക.

— 'യുവഭാരതി'

# കുറിപ്പുകൾ.

കൊച്ചി രൂപതയുടെ മെത്രാനായി നാമകരണം ചെയ്യപ്പെട്ട നി. വ. ദിവ്യശ്രീ മോൺസിഞ്ഞോർ ദോം അബീലിയോ അഗസ്റ്റോ വാസ് ദാസ് നീവസ് അവർകളുടെ മെത്രാൻപട്ടാഭിഷേകകർമ്മം ഇക്കഴിഞ്ഞ ജനുവരി ൨൭-ാംതീയതി ഞായറാഴ്ച ഗോവയിൽവെച്ചു ഭംഗിയായും മംഗളമായും നടന്നിരിക്കുന്നതായും ഫെബ്രുവരി ൨-ാംതീയതി തിരുമനസ്സുകൊണ്ട് തന്റെ ആസ്ഥാന നഗരമായ കൊച്ചിയിൽ സസുഖം എത്തിയിരിക്കുന്നതായും അറിഞ്ഞു സന്തോഷിക്കുന്നു. അഭിനവമെത്രാൻ തിരുമനസ്സിലെ ഭരണം സർവ്വപ്രകാരേണയും ശ്രേയസ്കരമായി തീരുന്നതിനു സർവ്വേശ്വരനെ പ്രാർത്ഥിക്കുകയും തിരുമേനിക്കു സർവ്വവിധ മംഗളങ്ങളും സാദരം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

സ്ഥലത്തെ സേക്രഡ് ഹാർട്ട് ഹൈസ്കൂൾ വിദ്യാർത്ഥികളുടെ സാഹിത്യവിവാദസമാജത്തിന്റെ വാർഷികയോഗം കൊച്ചി ദിവാൻ മി. സി. ജി. ഹെർബർട്ടിന്റെ മഹനീയാദ്ധ്യക്ഷതയിൽ ഈ മാസം ൧൪-ാംനു- ബുധനാഴ്ച വൈകുന്നേരം സാഘോഷം നടന്നിരിക്കുന്നു. ചീഫ് ജസ്റ്റി മി. ടി. എസ്. നാരായണയ്യർ, പ്യൂണി ജസ്റ്റി മി. വി. ഡി. ഔസേഫ്, ഗവർമ്മെന്റ് അഡ്വൊക്കേറ്റ് മി. തോമസ് മാഞ്ഞൂരാൻ, എക്സൈസ് കമ്മീഷണർ മി. എം. വി. ചെറിയൻ തുടങ്ങിയുള്ള പല ഉദ്യോഗസ്ഥപ്രധാനികളും, ഒട്ടുവളരെ വൈദീകരും മാന്യന്മാരും ഇതിൽ സംബന്ധിച്ചു. ക്ഷമയും ദൃഢനിശ്ചയവുംകൊണ്ട് എത്രമാത്രം കാര്യസാദ്ധ്യമുണ്ടാകുമെന്നുള്ളതിനു തേവര സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ഒരു ഒന്നാം തരം ഉദാഹരണമാണെന്നും അനന്യസ്തമായ യത്നഫലമാണ് ഇന്നിവിടെ നമ്മുടെ കൺമുമ്പാകെ നാം കാണുന്ന മനോഹരമായ ഈ മൂന്നുനില കെട്ടിടമെന്നും, മററും ദിവാൻ തന്റെ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചുകൊണ്ട് സ്കൂൾ ഭാരവാഹികളെ അനുമോദിക്കുകയുണ്ടായി.

ഇന്ത്യയിൽ നിന്നു ഈ മാസാരംഭത്തോടെ പുറപ്പെടുന്ന തീർത്ഥയാത്രക്കാർ വിശുദ്ധ വാരത്തിൽ റോമിൽ നടക്കുന്ന ജൂബിലിസംബന്ധമായ ചടങ്ങുകളിൽ സംബന്ധിക്കുന്നതാണ്.

ക. നി. മൂ. സ. ബ. വ്യാ. മാതാ. യാക്കോബച്ചൻ (അരണാട്ടുകര ഇടവക ചിരിയങ്കണ്ടത്ത്) എൽത്തുരുത്താശ്രമത്തിൽ വച്ച് കഴിഞ്ഞ ൧൭-ാംനു- തന്റെ ൯൩-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാനോർക്കണം.

R. I. P.

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്രഗോസ്, എം. എ., എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരധ്വജ (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തൂക്കത്തിന് ക. ൪

ശാരിബാദിസരസം. ഇതു ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരു സേറിനു ക. ൩.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൩.

അശോകാരിഷ്ടം അമ്പലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന് ക. ൮.

കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്വല്പം കൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങനെ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൰-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്ക പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമെറിന' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റുസ്,

നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാന.

ഈ കീർത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വപീഡകളെയും ശമിപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ.

**BABYTONE.** ഗ്രഹണിബാധക

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്നു.

ചെവിട്ടിൽ വേദനയുണ്ടായി ചെവി കേൾക്കായ്ക, ചെവിയിൽനിന്നു ചലം വാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയ്ക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞെരിറൽ ഇവയെല്ലാം ഗൃഹസ്ഥഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ് കർള് ഗ്രമൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3 ക. 8 ണ.

**RINGWORM BALM.** തഴക്കുരാശത്തിന്നു.

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്.

THE MALARIANA Co.
8 Hampankatt..,
Mangalore S. K.

ദി മലേറിയാന കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

൧൧൦൯ കുംഭം. - മീനം. മാർച്ച്. 1934.

| | | | | |
|---|---|---|---|---|
| ൰൭ | 1 | വ്യാ. | വി. | സ്വിഡോക്. |
| ൰൮ | 2 | വെ. | വി. | സിംപ്ലീച്ചി (ഒരിക്കൽ) |
| ൰൯ | 3 | ശ. | വി. | മരീനസ്. |
| ൨൰ | 4 | ഞാ. | ✠ | ൧-ാംഞായർ. വി. കാസ്മീർ |
| ൨൰൧ | 5 | തി. | വി. | ഫോക്കാസ്. |
| ൨൰൨ | 6 | ചൊ. | വി. | പെർപ്പെത്തുവാ. |
| ൨൰൩ | 7 | ബു. | വി. | തോമസ് അക്വീനാസ്. |
| ൨൰൪ | 8 | വ്യാ. | വി. | യോഹന്നാൻ. |
| ൨൰൫ | 9 | വെ. | വി. | ഫ്രാൻചെസ്കാ. (ഒരിക്കൽ) |
| ൨൰൬ | 10 | ശ. | വി. | മക്കാറിയൂസ്. |
| ൨൰൭ | 11 | ഞാ. | ✠ | ൨-ാംഞായർ. ഹിരാക്ലിയൂസ്. |
| ൨൰൮ | 12 | തി. | വി. | ഗ്രീഗോറി. പാ. |
| ൨൰൯ | 13 | ചൊ. | വി. | നിസഫോരൂസ്. |
| ൩൰ | 14 | ബു. | വി. | ലെയോൻ. |
| ൧ | 15 | വ്യാ. | | ഭാ. ലൂമവിക്കാസ്. |
| ൨ | 16 | വെ. | വി. | അബ്രാഹം. (ഒരിക്കൽ) |
| ൩ | 17 | ശ. | വി. | പത്രീസി. |
| ൪ | 18 | ഞാ. | ✠ | ൩-ാംഞായർ. വി. ഗബ്രിയേൽ. |
| ൫ | 19 | തി. | | ന. പി. വി. യൌസേപ്പ്. |
| ൬ | 20 | ചൊ. | വി. | അക്കിപ്പസ്. |
| ൭ | 21 | ബു. | വി. | ബനദിക്തൂസ്. |
| ൮ | 22 | വ്യാ. | വി. | കത്രീനാ. |
| ൯ | 23 | വെ. | വി. | വിക്ടോറിയാൻ. (ഒരിക്കൽ) |
| ൰ | 24 | ശ. | വി. | ഗാര. |
| ൰൧ | 25 | ഞാ. | ✠ | ൪-ാംഞായർ. ഓശാന. |
| ൰൨ | 26 | തി. | വി. | അലക്സിസ്സ് ഫാ. |
| ൰൩ | 27 | ചൊ. | വി. | യോഹന്നാൻ. |
| ൰൪ | 28 | ബു. | വി. | യോ. കപ്പിസ്ത്രാൻ. |
| ൰൫ | 29 | വ്യാ. | വി. | യോനഹാ. |
| ൰൬ | 30 | വെ. | വി. | ദുഃഖവെള്ളി. (ഒരിക്കൽ) |
| ൰൭ | 31 | ശ. | വി. | ദുഃഖശനി. (ഒരിക്കൽ) |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.